പുസ്തകം 2 ലക്കം 1

ഏപ്രിൽ - ജൂൺ 2012

ഒരു വർഷത്തേയ്ക്ക് : 60 രൂപ

ശ്രീപുരം പബ്ലിക്കേഷൻസ്
മാടായിക്കോണം
ഇരിങ്ങാലക്കുട
തൃശ്ശൂർ - 680 712
shripuramtrust@yahoo.co.in.
www.shripuram.org

പത്രാധിപർ
പ്രകാശ് ഡി.

പത്രാധിപ സമിതി
സി.എം. കൃഷ്ണനുണ്ണി
എൽ. ഗിരീഷ്കുമാർ
കെ.പി. ശ്രീധരൻ നമ്പൂതിരി
അജിതൻ പി.ഐ.
വിഷ്ണു ആനന്ദ്
ടി.ജി. വിഷ്ണു
കണ്ണൻ കെ.എസ്.
അനൂപ് എസ്.യു.

പ്രസാധകൻ
ശ്രീപുരം പബ്ലിക്കേഷനുവേണ്ടി
ശ്രീകാന്ത് സി.

അക്ഷരവിന്യാസം, രൂപകല്പന
രവി പാറക്കുന്നം, തൃശ്ശൂർ.

മുദ്രണം
മയൂഖ പ്രിന്റേഴ്സ്, കൊച്ചി.

# വിഷയവിവരം

1. മംഗലാഷ്ടകം
5

2. സർക്കാറിന്റെ സുകൃതക്ഷയം : ദുരന്തങ്ങൾക്കു കാരണം
9

3. മനസ്സിന്റെ പ്രവർത്തനം ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ
14

4. സംസ്കൃതപഠനം
24

5. ശ്രീകൃഷ്ണന്റെ ധർമ്മപരിപാലനദൗത്യം
27

6. സാംഖ്യദർശനം
30

ശാംഭവി
ജനുവരി - മാർച്ച് 2011

## പത്രാധിപക്കുറിപ്പ്

ഇന്ന് അഭ്യസ്തവിദ്യരും സമൂഹത്തിൽ ഉന്നതപദവികളിൽ വിരാജിക്കുന്നവരും ജനങ്ങൾക്ക് നീതിയും നന്മയും ഉറപ്പാക്കുവാൻ ബാദ്ധ്യതപ്പെട്ടവരായി സമൂഹം കാണുന്നവരും വിവാദങ്ങൾ സൃഷ്ടിക്കുകയും അപവാദങ്ങളിൽ അകപ്പെടുകയും ചെയ്യുന്നത് കാണുമ്പോൾ എന്ത് വിദ്യാഭ്യാസമാണ് അവർ നേടിയത് എന്നു ചിന്തിച്ചുപോകുകയാണ്. വിദ്യാഭ്യാസത്തിന് വിനയാധാനമെന്നാണ് ഭാരതീയസംസ്കൃതി നിർവ്വചനം നല്കുന്നത്. സ്വന്തം ചിന്തയിലൂടെയും പ്രവൃത്തിയിലൂടെയും ഓരോന്നിനെപ്പറ്റിയും പഠനപ്രക്രിയയിൽ നമ്മൾ സ്വയം രൂപീകരിക്കുന്ന തീരുമാനങ്ങളും നിഗമനങ്ങളുമാണ് നയം. വ്യക്തി ഇപ്രകാരം സ്വയം എത്തിച്ചേരേണ്ടതായ അഭിപ്രായങ്ങളുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസം. അതുകൊണ്ട് പഠനം ജീവിതാവസാനം വരെ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ്. സ്വന്തം വാസനാഗുണങ്ങളാകുന്ന ഭാവത്തിന് അനുസരിച്ചാണ് പ്രവർത്തിക്കുന്നതെങ്കിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുകയും സ്വാഭിപ്രായത്തിൽ സ്ഥിരബുദ്ധി ഉണ്ടാവുകയും ചെയ്യും. അപ്പോൾ അവിടെ വിവാദങ്ങൾ ഉണ്ടാകുന്നില്ല. സ്വേച്ഛാചാരിയാണെന്നതിനാൽ അപവാദങ്ങളെ പേടിക്കുകയോ ഗണിക്കുകതന്നെയോ ചെയ്യുകയില്ല. ഈയൊരു ആശയം, ഭാരതീയസംസ്കൃതിയുടെ വാഹിനിയും അദ്ധ്യേതാക്കളുടെ പഠനതീവ്രതയ്ക്കനുസരിച്ച് സംസ്കൃതിയുടെ അംശങ്ങളെ വികിരണാഗിരണം ചെയ്യാൻ സമർത്ഥമായതും മന്ത്രസമാനഭാഷയുമായ സംസ്കൃതത്തിലുള്ള ഋഷിതുല്യനായ കാളിദാസന്റെ ശ്ലോകത്തിൽ അടങ്ങിയിരിക്കുന്നു :

'അലം വിവാദേന യഥാ ശ്രുതസ്ത്വയാ
തഥാവിധസ്താവദശേഷമസ്തു സഃ
മമാത്ര ഭാവൈകരസം മനഃ സ്ഥിതഃ
ന കാമവൃത്തിർവചനീയമീക്ഷതേ.'

'വിവാദം വേണ്ട. അങ്ങ് മനസ്സിലാക്കിയ ശിവൻ ഏതുവിധമാണോ പൂർണ്ണമായും അവ്വിധമിരുന്നോട്ടെ. എന്റെ മനസ്സ് അദ്ദേഹത്തിൽ ശൃംഗാര രസപൂർണ്ണമായിരിക്കുന്നു. സ്വേച്ഛാനുസാരിയായ ഒരാൾ അപവാദങ്ങളെ ഗണിക്കുകയേ ഇല്ല' എന്ന ശിവപാർവ്വതീസംഭാഷണത്തിൽ ഒരാദ്ധ്യാത്മിക വശംകൂടി കാണുവാൻ സാധിക്കും. ഈശ്വരനെ ചൊല്ലിയും നമുക്ക് വിവാദം വേണ്ട. സ്വന്തം ഭാവമനുസരിച്ചുള്ള പ്രവൃത്തിയിലൂടെയാണ് ഓരോരുത്തർക്കും ഈശ്വരബോധം. സ്വന്തം ഭാവമനുസരിച്ച് പ്രവർത്തിക്കുന്നവർ ഈശ്വരനെക്കുറിച്ചുള്ള ഭിന്നാഭിപ്രായങ്ങൾ ഗണിക്കുകയില്ല. ഈ ആശയത്തിന്റെ അടിത്തറയിലാകട്ടെ നിങ്ങളുടെ ശാംഭവീവായന.

**ഭക്തിയോടെ യുക്തമായ മനസ്സോടെ ദിവസംതോറും ഈ മുഖ്യമായ മംഗലസ്തോത്രത്തിലെ എട്ട് ശ്ലോകങ്ങളെ പ്രഭാതത്തിലും വൈകീട്ടും ഏതൊരു മർത്ത്യന്മാർ ചൊല്ലുന്നുവോ അവർ നിത്യവും പൂർണ്ണമായ ആഗ്രഹത്തോടുകൂടി ഈ ഭൂമിയിൽ സുഖിമാന്മാരും ധനം നേടിയവരും ആയി എല്ലാ പാപത്തിൽനിന്നും വിമുക്തനായി അവസാന കാലത്ത് വിഷ്ണുലോകത്തിൽ എത്തിച്ചേരുന്നു.**

## മംഗലാഷ്ടകം

സമ്പാദകൻ : ഡി. പ്രകാശ്

1. ബ്രഹ്മാവിഷ്ണുഗ്ഗിരീശസ്സുരപതിരനലഃ പ്രേതരാഡ്യാമ്പുനാഥ-
സ്തോയാധീശശ്ച വായുർദ്ധനദഗുഹഗണേശാർക്കചന്ദ്രാശ്ച രുദ്രാഃ
വിശ്വാദിത്യാശ്വിസാദ്ധ്യാ വസുപിതൃമരുതസ്സിദ്ധവിദ്യാശ്ച യക്ഷാഃ
ഗന്ധർവ്വാഃ കിന്നരാദ്യാഖിലഗഗനചരാ മംഗലം മേ ദിശന്തു.

ബ്രഹ്മാവ്, വിഷ്ണു, ശിവൻ, ഇന്ദ്രൻ, വഹ്നി, യമധർമ്മൻ, ജലത്തിന്റെ അധിപനായ വരുണൻ, വായു, കുബേരൻ, ഗുഹൻ, ഗണേശൻ, സൂര്യൻ, ചന്ദ്രൻ, രുദ്രൻ, വിശ്വാദിത്യന്മാർ, അശ്വിസാദ്ധ്യന്മാർ, വസുക്കൾ, പിതൃക്കൾ, മരുത്തുക്കൾ, സിദ്ധന്മാർ, വിദ്യാധരന്മാർ, യക്ഷ-ഗന്ധർവ്വ-കിന്നരന്മാരാകുന്ന മുഴുവൻ ആകാശചാരികൾ, ഇവരെല്ലാം എനിക്കു മംഗളം നല്കട്ടെ.

2. വാണീ ലക്ഷ്മീ ധരിത്രീ ഹിമഗിരിതനയാ ചണ്ഡികാ ഭദ്രകാളീ
ബ്രാഹ്മ്യാദ്യാ മാതൃസംഘാ അദിതിദിതിസതീത്യാദയോ ദക്ഷപുത്ര്യഃ
സാവിത്രീ ജഹ്നുകന്യാ ദിനകരതനയാരുന്ധതീ ദേവപത്ന്യഃ
പൗലോമ്യാദ്യാസ്തഥാന്യാഃ ഖചരയുവതയോ മംഗലം മേ ദിശന്തു.

സരസ്വതീ, ലക്ഷ്മീ, ഭൂമീ, പാർവ്വതീ, ചണ്ഡികാ, ഭദ്രകാളീ, ബ്രാഹ്മീ മുതലായ മാതൃസംഘങ്ങൾ, അദിതി, ദിതി,

സതീ തുടങ്ങിയ ദക്ഷന്റെ പുത്രിമാർ, സാവിത്രീ, ഗംഗാ, സൂര്യപുത്രീ, അരുന്ധതീ, ദേവപത്നിമാർ, ഇന്ദ്രഭാര്യയായ ശചീദേവീ എന്ന പൗലോമി തുടങ്ങിയവരും മറ്റു ആകാശ യുവതികളും എനിക്കു മംഗളം നല്കട്ടെ.

3. മത്സ്യഃ കൂർമ്മോ വരാഹോ നൃഹരിരഥ വടുർഭാർഗ്ഗ
വോ രാമചന്ദ്ര-
സ്സീരീ കൃഷ്ണശ്ച ഖഡ്ഗീ സകപിലനരനാരായണാ
ത്രേയവൈദ്യാഃ
അന്യേ നാനാവതാരാ നരകവിജയിനശ്ചക്രമുഖ്യാ
യുധാനി
തൽപത്ന്യസ്തൽസുതാശ്ചാപ്യഖിലഹരികുലാ മംഗ
ലം മേ ദിശന്തു.

മത്സ്യം, കൂർമ്മം, വരാഹം, നരസിംഹം, വാമനൻ, ഭാർഗ്ഗവൻ, രാമചന്ദ്രൻ, ബലരാമൻ, കൃഷ്ണൻ, ഖഡ്ഗീ, കപിലൻ, നരനാരായണന്മാർ, ആത്രേയൻ, വൈദ്യന്മാരായ അശ്വനീദേവകൾ മറ്റുള്ള നാനാവതാരങ്ങളും നരകത്തെ വിജയിക്കുന്നതായ ചക്രം തുടങ്ങിയ ആയുധങ്ങളും അവരുടെ പത്നിമാരും പുത്രന്മാരും ആയ മുഴുവൻ ഹരികുലവും എനിക്കു മംഗളം നല്കട്ടെ.

4. വിശ്വാമിത്രോ വസിഷ്ഠഃ കലശഭവോച്ചത്ഥ്യാംഗിരാഃ
കാശ്യപശ്ച
വ്യാസഃ കണ്വോ മരീചിക്രതുഭൃഗുപുലഹാഃ ശൗന
കോത്രിഃ പുലസ്ത്യഃ
അന്യേ സർവ്വേ മുനീന്ദ്രാഃ കുജബുധഗുരുശുക്രാർക്ക
ജാദ്യാ ഗ്രഹാ യേ
നക്ഷത്രാണി പ്രജേശാഃ ഫണിഗണമനവോ മംഗ
ലം മേ ദിശന്തു.

വിശ്വാമിത്രൻ, വസിഷ്ഠൻ, അഗസ്ത്യൻ, ഉചത്ഥ്യൻ (വ്യാസശിഷ്യപരമ്പരയിലെ ഒരു മുനി), അംഗിരസ്സ്, കശ്യപൻ, വ്യാസൻ, കണ്വൻ, മരീചി, ക്രതു, ഭൃഗു, പുലഹൻ, ശൗനകൻ, അത്രി, പുലസ്ത്യൻ മറ്റുള്ള എല്ലാ മുനീന്ദ്രന്മാരും കുജൻ, ബുധൻ, വ്യാഴം, ശുക്രൻ, സൂര്യൻ മുതലായ ഗ്രഹങ്ങളും നക്ഷത്രങ്ങളും പ്രജകളുടെ ഈശ്വരന്മാരായ സർപ്പസമൂഹവും മനുക്കളും എനിക്കു മംഗളം നല്കട്ടെ.

5. താർക്ഷ്യോനന്തോ ഹനുമാൻ ബാലിരപി സനകാ

ദ്യാഃ ശുകോ നാരദശ്ച
പ്രഹ്ലാദഃ പാണ്ഡുപുത്രാ നൃഗനളനഹുഷാ വിഷ്ണരാ
തോഽബരീഷഃ
ഭീഷ്മാക്രൂരോദ്ധവോശീനരഭരതഹരിശ്ചന്ദ്രരുഗ്മാംഗ
ദാദ്യാഃ
അന്യേ സർവ്വേ നരേന്ദ്രാ രവിശശികുലജാ മംഗലം
മേ ദിശന്തു.

ഗരുഡൻ, അനന്തൻ, ഹനുമാൻ, ബാലി, സനകാദികൾ, ശുകൻ, നാരദൻ, പ്രഹ്ലാദൻ, പാണ്ഡുപുത്രന്മാർ, നൃഗൻ, നളൻ, നഹുഷൻ, പരീക്ഷിത്ത്, അംബരീഷൻ, ഭീഷ്മൻ, അക്രൂരൻ, ഉദ്ധവൻ, ഉശീനരൻ, ഭരതൻ, ഹരിശ്ചന്ദ്രൻ, രുഗ്മാംഗദൻ തുടങ്ങിയ സൂര്യചന്ദ്രവംശങ്ങളിൽ ജനിച്ച എല്ലാവരും എനിക്കു മംഗളം നല്കട്ടെ.

6. ആഹൂത്യാദ്യാശ്ച തിസ്രഃ സകലമുനികളത്രാണി ദാ
രാ മനൂനാം
താരാ കുന്തീ ച പാഞ്ചാല്യഥ നളദയിതാ രുഗ്മിണീ
സത്യഭാമാ
ദേവക്യാദ്യാശ്ച സർവ്വാ യദുകുലവനിതാ രാജഭാര്യാ
സ്തഥാന്യാഃ
ഗോപ്യശ്ചാരിത്രയുക്താഃ സകലയുവതയോ മംഗലം
മേ ദിശന്തു.

ആഹൂതി മുതലായവരും എല്ലാ മുനിപത്നിമാരും മനുക്കളുടെ പത്നിമാരും താരാ, കുന്തീ, പാഞ്ചാലി, നളപത്നി, ദമയന്തി, രുഗ്മിണി, സത്യഭാമാ എന്നിവരും ദേവകീ തുടങ്ങിയ എല്ലാ യദുകുലവനിതകളും രാജപത്നിമാരും മറ്റുള്ള ഗോപികമാരും ചാരിത്ര്യയുക്തകളായ എല്ലാ യുവതികളും എനിക്കു മംഗളം നല്കട്ടെ.

7. വിപ്രാ ഗാവശ്ച വേദാഃ സ്മൃതിരപി തുളസീ സർവ്വ
തീർത്ഥാനി വിദ്യാഃ
നാനാശാസ്ത്രേതിഹാസാ അപി സകലപുരാണാനി
വർണ്ണാശ്രമാശ്ച
സാംഖ്യം ജ്ഞാനഞ്ചയോഗാവലി യമനിയമൗ സർ
വ്വകർമ്മാണി കാലാഃ
സർവ്വേ ധർമ്മാശ്ച സത്യാദ്യവയവസഹിതാ മംഗ
ലം മേ ദിശന്തു.

വിപ്രന്മാർ, ഗോക്കൾ, വേദം, സ്മൃതി, തുളസി, സർവ്വതീർത്ഥങ്ങളും, വിദ്യാ, നാനാശാസ്ത്രങ്ങളും, സാംഖ്യം, ജ്ഞാനം, യോഗം, യമനിയമങ്ങൾ, സർവ്വപ്രവൃത്തികളും, കാലവും, സത്യം തുടങ്ങിയ അവയവങ്ങളോടുകൂടിയ എല്ലാ ധർമ്മങ്ങളും എനിക്കു മംഗളം നല്കട്ടെ.

8. ലോകാ ദ്വീപാഃ സമുദ്രാഃ ക്ഷിതിധരപതയോ മേരുകൈലാസമുഖ്യാഃ
കാവേരീനർമ്മദാദ്യാഃ ശുഭജലസരിതഃ സ്വർദ്രുമാ ദിഗ്ഗജേന്ദ്രാഃ
മേഘാ ജ്യോതീംഷി നാനാനരമൃഗപശുപക്ഷ്യാദയഃ പ്രാണിനോ/ന്യേ
സർവ്വൗഷധ്യശ്ച വൃക്ഷാഃ സകലതൃണലതാ മംഗലം മേ ദിശന്തു.

ലോകങ്ങൾ, ദ്വീപുകൾ, സമുദ്രം, പർവ്വതരാജാക്കന്മാരായ മേരുകൈലാസമുഖ്യന്മാർ, കാവേരി, നർമ്മദ മുതലായ ശുഭനദികൾ, സ്വർലോകവൃക്ഷങ്ങൾ, ദിക്കുകളുടെ ഈശന്മാരായ ഗജങ്ങൾ, മേഘങ്ങൾ, നക്ഷത്രങ്ങൾ പലതരത്തിലുള്ള മനുഷ്യന്മാർ, മൃഗങ്ങൾ, പശുപക്ഷി മുതലായവ മറ്റു പ്രാണികൾ, എല്ലാ ഓഷധികളും വൃക്ഷങ്ങളും എല്ലാ പുഴകളും വള്ളികളും ലതകളും എനിക്കു മംഗളം നല്കട്ടെ.

9. ഭക്ത്യാ സംയുക്തചിത്താഃ പ്രതിദിവസമിമാൻ മംഗലസ്തോത്രമുഖ്യാൻ
അഷ്ടൗ ശ്ലോകാൻ പ്രഭാതേ ദിവസപരിണതൗ യേ ച മർത്ത്യാഃ പഠന്തി
തേ നിത്യം പൂർണ്ണകാമാ ഇഹ ഭുവി സുഖിനശ്ചാർത്ഥവന്തോപി ഭൂത്വാ
നിർമ്മുക്താസ്സർവ്വപാപൈർവയസി ച ചരമേ വിഷ്ണുലോകം പ്രയാന്തി.

ഭക്തിയോടെ യുക്തമായ മനസ്സോടെ ദിവസംതോറും ഈ മുഖ്യമായ മംഗലസ്തോത്രത്തിലെ എട്ട് ശ്ലോകങ്ങളെ പ്രഭാതത്തിലും വൈകീട്ടും ഏതൊരു മർത്ത്യന്മാർ ചൊല്ലുന്നുവോ അവർ നിത്യവും പൂർണ്ണമായ ആഗ്രഹത്തോടുകൂടി ഈ ഭൂമിയിൽ സുഖിമാന്മാരും ധനം നേടിയവരും ആയി എല്ലാ പാപത്തിൽനിന്നും വിമുക്തരായി അവസാന കാലത്ത് വിഷ്ണുലോകത്തിൽ എത്തിച്ചേരുന്നു.

# സർക്കാറിന്റെ സുകൃതക്ഷയം : ദുരന്തങ്ങൾക്കു കാരണം

സി.എം. കൃഷ്ണനുണ്ണി

മകരജ്യോതി പതിവിലും വൈകിയതും പുല്ലുമേട്ടിൽ ആവശ്യത്തിന് പോലീസ് ഇല്ലാതിരുന്നതും ഇരുട്ടും വാർത്താവിനിമയ ഉപാധികളുടെ അഭാവവുമാണത്രെ ജനവരി 14-ന് പുല്ലുമേട്ടിൽ 102 പേരുടെ ദാരുണമരണത്തിനു കാരണമായത്. (ഡി.ജി.പി. ജേക്കബ്ബ് പുന്നൂസിന് മദ്ധ്യമേഖല ഐ.ജി. ബി. സന്ധ്യ നല്കിയ റിപ്പോർട്ട്).

ടാക്സികളാണ് അപകടത്തിനിടയാക്കിയത് എന്ന് പെരിയാർ കടുവാ സങ്കേതം ഡയറക്ടർ സർക്കാറിനു നല്കിയ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നു. പുല്ലുമേട്ടിലേയ്ക്ക് വാഹനങ്ങൾ കടത്തിവിട്ടത് സർക്കാറിന്റെ ഉത്തരവുപ്രകാരമാണെന്ന് വനംവകുപ്പ് ഹൈക്കോടതിക്ക് നല്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. 'യദൃച്ഛയാ' ഉണ്ടായ സംഭവങ്ങളാണ് 'നിർഭാഗ്യകര'മായ ദുരന്തത്തിലേയ്ക്ക് നയിച്ചതെന്നും പ്രസ്തുത റിപ്പോർട്ടിൽ പറയുന്നു. രണ്ടു തന്ത്രിമാർ ഒരു ക്ഷേത്രത്തിൽ പാടില്ലെന്നു ചൂണ്ടിക്കാണിച്ചുകൊണ്ട് അഷ്ടമംഗല്യ പ്രശ്നം നിർദ്ദേശിക്കുകയാണ് ജ്യോതിശ്ശാസ്ത്ര പരിഷത്ത്.

ഇത്രയുമായാൽ സാംസ്കാരിക നായകന് മിണ്ടാതിരിക്കാനാവുമോ? കോട്ടയ്ക്കൽവെച്ച് ചെയ്ത ടാഗോർ അനുസ്മരണ പ്രസംഗത്തിനിടയിൽ സുകുമാർ അഴീക്കോട് ശബരിമല ദുരന്തത്തെ പരാമർശിച്ചുകൊണ്ട് ചോദിച്ചത് സ്വന്തം ഭക്തന്മാരെ രക്ഷിക്കാനാവാത്ത ദൈവത്തെ വിശ്വസിക്കേണമോ എന്നാണ്. (പുര കത്തുമ്പോൾ വേണമല്ലോ വാഴ വെട്ടുവാൻ).

വൈകി തെളിഞ്ഞ മകരജ്യോതിയും സൂര്യൻ അസ്തമിച്ചതും

> പലരും ഓർക്കാതെ പോയ ഒരു കാര്യമുണ്ട്. 1995-ൽ ശബരിമലയിൽ തിക്കിലും തിരക്കിലും പെട്ട് 53 പേർ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ജസ്റ്റിസ് ചന്ദ്രശേഖരമേനോൻ, 2000 മെയ് 1-ന് സർക്കാറിന് സമർപ്പിച്ച റിപ്പോർട്ട് ഇന്നും നിയമസഭയിൽ വെയ്ക്കുകയുണ്ടായിട്ടില്ല. എന്തുകൊണ്ട്?

ടാക്സികളും ഭക്തന്മാരെ രക്ഷിക്കാനാവാത്ത ദൈവവും മറ്റു മാണ് ശബരിമല ദുരന്തത്തിനു കാരണമായതെന്നു ചൂണ്ടിക്കാണിക്കുന്നവർ, ശബരിമല ക്ഷേത്രം 1949-ൽ തീവെച്ചു നശിപ്പിച്ച നിലയിൽനിന്ന് പുനരുദ്ധരിച്ചതാണ് ദുരന്തകാരണമെന്ന് എന്തേ പറയാൻ മറന്നുപോയി എന്ന് ആലോചിക്കവേയാണ് 'പാരസ്പര്യത്തിന്റെ മഹാപ്രയാണം' (മാതൃഭൂമി - 2011 ഫെബ്രുവരി 1) എന്ന പത്രാധിപ ലേഖനം വായിക്കാനിടയായത്. ഇത്തിരിപ്പോന്ന വനഭൂമിയിലേയ്ക്ക് അതിനുൾക്കൊള്ളാൻ കഴിയുന്നതിലേറെ ആളുകളെ ഓരോ വർഷവും ആകർഷിച്ച് തള്ളിക്കയറ്റി വിടുന്നതിൽ' ഉൽക്കണ്ഠ രേഖപ്പെടുത്തിക്കൊണ്ടാണ് 'ആധികാരിക രേഖകൾ ലഭ്യമാണോ' എന്ന് അറിയാതെയും 'ആണെങ്കിൽത്തന്നെ പരിശോധിക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല' എന്നും തുറന്നെഴുതിയുമുള്ള പ്രസ്തുത ലേഖനം അവസാനിക്കുന്നത്. 'ഇത്തിരിപ്പോന്ന വനഭൂമിയും' (അതിലെ ഇത്തിരിപ്പോന്ന ക്ഷേത്രവും), 'മതാചാരങ്ങൾക്ക് ആനുപാതികമല്ലാത്ത അമിതപ്രാധാന്യം കല്പിച്ച് നല്കുന്നതും' (മകരജ്യോതി ദർശിക്കുവാനുള്ള തീർത്ഥാടകരുടെ താല്പര്യം) ആണ് ശബരിമല ദുരന്തത്തിലെ വില്ലന്മാർ എന്നു നാം മനസ്സിലാക്കണമെന്നർത്ഥം.

കോട്ടയ്ക്കൽവെച്ചു ചെയ്ത ടാഗോർ അനുസ്മരണ പ്രസംഗത്തിനിടയിൽ സുകുമാർ അഴീക്കോട് ശബരിമല ദുരന്തത്തെ പരാമർശിച്ചുകൊണ്ട് ചോദിച്ചത് സ്വന്തം ഭക്തന്മാരെ രക്ഷിക്കാനാവാത്ത ദൈവത്തെ വിശ്വസിക്കേണമോ എന്നാണ്. (പുര കത്തുമ്പോൾ വേണമല്ലോ വാഴ വെട്ടുവാൻ).

പുല്ലുമേട് ദുരന്തം റിപ്പോർട്ട് ചെയ്ത 2011 ജനവരി 15-ന്റെ ചില പത്രങ്ങളുടെ ഉൾപ്പേജിൽ മറ്റൊരു റിപ്പോർട്ടുണ്ടായിരുന്നു. മകരവിളക്കിന്റെ തലേന്നാൾവരെ ശബരിമല ക്ഷേത്രത്തിലെ നടവരവ് 131.15 കോടി രൂപയാണെന്നതാണ് അത്. കാണിക്കയിലൂടെ 15.83 കോടി രൂപയും ലഭിച്ചുവത്രെ. മകരവിളക്കു ദിവസം എത്ര തുക ലഭിച്ചു എന്നോ പിന്നീടുള്ള ദിവസങ്ങളിൽ എത്ര കിട്ടിയെന്നോ ഉള്ള റിപ്പോർട്ട് കണ്ടില്ല. മണ്ഡലകാലത്തെ നടവരവ് വേറെയായിരിക്കും. ഇതെല്ലാം കൊണ്ടുപോകുന്നവർക്ക് - സർക്കാറിന് - ആ പണമത്രയും കൊണ്ടുവന്ന് ചൊരിയുന്നവരോട് ബാദ്ധ്യതയൊന്നുമില്ലേ? ആ ബാദ്ധ്യത സർക്കാർ നിറവേറ്റുന്നില്ലെ

> 500 കോടി രൂപ മതിപ്പു ചെലവ് കണക്കാപ്പെട്ട പ്രസ്തുത പദ്ധതി, 25 ലക്ഷം തീർത്ഥാടകർക്ക് യാതൊരു തടസ്സവും കൂടാതെ ദർശനം നടത്തുവാൻ സാധിക്കുന്ന വിധത്തിലാണ് ആവിഷ്ക്കരിക്കപ്പെട്ടതെന്ന് പറയപ്പെടുന്നു. അത് പരിഗണിക്കുവാൻ മുതിരാത്ത സർക്കാറാണ് ശബരിമല ദുരന്തത്തിന്റെ മുഖ്യ കാരണക്കാർ.

ന്നു മാത്രമല്ല, തീർത്ഥാടകരെ പലതരത്തിൽ കൊള്ളയടിക്കുകയും ചെയ്യുന്നു. തീർത്ഥാടകരായി എത്തുന്നവരെ സംരക്ഷിച്ചുകൊണ്ട് സർക്കാറുകളുടെ പാതകം അയ്യപ്പസ്വാമി എക്കാലവും മൂടിവെക്കണമെന്നാണോ അഴീക്കോട് ആഗ്രഹിക്കുന്നത്?

പലരും ഓർക്കാതെപോയ ഒരു കാര്യമുണ്ട്. 1995-ൽ ശബരിമലയിൽ തിക്കിലും തിരക്കിലും പെട്ട് 53 പേർ മരിക്കാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷിക്കാൻ നിയുക്തനായ ജസ്റ്റിസ് ചന്ദ്രശേഖരമേനോൻ, 2000 മെയ് 1-ന് സർക്കാറിന് സമർപ്പിച്ച റിപ്പോർട്ട് ഇന്നും നിയമസഭയിൽ വെയ്ക്കുകയുണ്ടായിട്ടില്ല. എന്തുകൊണ്ട്?

ആരും ഓർക്കാതെപോയ മറ്റൊരു കാര്യമുണ്ട്. ചെങ്കോട്ടുകോണം ശ്രീ രാമദാസാശ്രമം മഠാധിപതിയായിരുന്ന സ്വാമി സത്യാനന്ദ സരസ്വതിയുടെ നേതൃത്വത്തിൽ 1995 ഡിസംബർ 23-ന് അന്ന് കേരള മുഖമന്ത്രിയായിരുന്ന എ.കെ. ആന്റണിക്ക് സമർപ്പിക്കപ്പെട്ട 'ഹരിവരാസനം' പദ്ധതിയെ കുറിച്ചാണ്. സൂചിപ്പിക്കുന്നത്. 1995 ഡിസംബർ 1-ന് പന്തളത്ത് യോഗം ചേർന്ന വാസ്തുവിദഗ്ധരും തന്ത്രിമാരും ജ്യോതിഷപണ്ഡിതരും സന്ന്യാസിമാരും പരിസ്ഥിതിശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരും തന്ത്രിമാരും വിവിധ ഹൈന്ദവ സംഘടനാ പ്രതിനിധികളും അംഗീകരിച്ച പദ്ധതിയായിരുന്നു അത്. 500 കോടി രൂപ മതിപ്പുചെലവ് കണക്കാപ്പെട്ട പ്രസ്തുത പദ്ധതി, 25 ലക്ഷം തീർത്ഥാടകർക്ക് യാതൊരു തടസ്സവും കൂടാതെ ദർശനം നടത്തുവാൻ സാധിക്കുന്ന വിധത്തിലാണ് ആവിഷ്ക്കരിക്കപ്പെട്ടതെന്ന് പറയപ്പെടുന്നു. അത് പരിഗണിക്കുവാൻ മുതിരാത്ത സർക്കാറാണ് ശബരിമല ദുരന്തത്തിന്റെ മുഖ്യ കാരണക്കാർ.

ഭാരതീയ ഈശ്വരസങ്കല്പങ്ങളെ വിശ്വസിക്കുന്നതും ആശ്രയിച്ച് ആരാധിക്കുന്നതും വീണുകിട്ടിയ അവസരമുപയോഗിച്ച് വിലക്കാൻ വാക്കുകൾ ഉപയോഗിച്ച 'തത്ത്വ

'യദൃച്ഛയാ' ഉണ്ടാകുന്ന 'നിർഭാഗ്യ'കരമായ സംഭവങ്ങളുടെയും വെള്ളപ്പൊക്കം, വരൾച്ച, ഭൂകമ്പം, പകർച്ചവ്യാധികൾ എന്നിവയുടെയും പ്രാഥമിക ഉത്തരവാദിത്വം വഹിക്കേണ്ടത് ബന്ധപ്പെട്ട സർക്കാറാണ്. സുകൃതം ക്ഷയിച്ചവരെയും കപടന്മാരെയും ഉത്തരവാദിത്വത്തെ പ്രതികൂലമായി ബാധിക്കുന്ന താല്പര്യങ്ങൾ വെച്ചുപുലർത്തുന്നവരെയും ഭരണത്തിലേറ്റിയാൽ ' യാദൃച്ഛിക'ങ്ങളും 'നിർഭാഗ്യ'കരങ്ങളുമായ ദുരനുഭവങ്ങളായിരിക്കും തങ്ങളുടെ ഫലമെന്ന് ജനങ്ങളും തിരിച്ചറിയണം.

മസി'ക്കാരൻ ഭാഗവതം വായിച്ചിരിക്കുമല്ലോ? 'അഹിർബുധ്നി സംഹിത'യെക്കുറിച്ച് കേട്ടിരിക്കുമല്ലോ? ഭരണകർത്താക്കളുടെ കൊള്ളരുതായ്മയും സുകൃതക്ഷയവും രാജ്യത്ത് ദുരിതങ്ങൾക്കും ദുരന്തങ്ങൾക്കും കാരണമാവുമെന്ന് ഈ ഗ്രന്ഥങ്ങൾ പറയുന്നു. സമൂഹത്തിന്റെയും വിവിധ സമൂഹങ്ങളുടങ്ങിയ രാജ്യത്തിന്റെയും യോഗഭാഗ്യങ്ങളും അതേപോലെ ദുർവ്വിധിയും വ്യക്തി അനുഭവിക്കേണ്ടിവരും. സ്വന്തം അന്തഃപ്രവണതകളോട് സമരസപ്പെട്ട് പ്രവർത്തിക്കുകയും ജീവിക്കുകയും ചെയ്യാത്ത വ്യക്തിയുടെ ജീവിതം ദുരിതപൂർണ്ണമാവുമെന്നത്, സമൂഹത്തിന്റെയും രാജ്യത്തിന്റെയും കാര്യത്തിലും ബാധകമാണ്. Genius Loci (ദേശചൈതന്യം) യുമായി ആത്മൈക്യം പുലർത്താത്ത ഭരണാധിപന്മാർ കാരണം രാജ്യത്തിനും അവിടുത്തെ പ്രജകൾക്കും ദുരിതമേയുണ്ടാകൂ.

ഭാഗവതത്തിലെ 1-ാം സ്കന്ധം 17-ാം അദ്ധ്യായത്തിലെ 8, 9, 10, 11 ശ്ലോകങ്ങൾ ശ്രദ്ധേയമാണ്. 'പുരുഷവംശ രാജാക്കന്മാരാൽ രക്ഷിക്കപ്പെടുന്ന ഈ ഭൂതലത്തിൽ നീയല്ലാതെ മറ്റാരും കരയുന്നില്ല' (8). 'ദുഷ്ടന്മാരെ ശാസിക്കുന്ന ഞാൻ വാഴുന്ന കാലത്തോളം നിനക്ക് യാതൊരു ദോഷവും സംഭവിക്കുകയില്ല' (9). 'നിങ്ങളെ സങ്കടത്തിൽ നിന്ന് രക്ഷിക്കുന്നത് നിങ്ങൾക്കുവേണ്ടി എന്നതിലേറെ രാജാവായ എനിക്കുവേണ്ടിത്തന്നെയാണ്' (10). 'ദുഃഖിതന്മാരുടെ ദുഃഖം തീർക്കണമെന്നത് രാജാക്കന്മാരുടെ പരമധർമ്മമാകുന്നു' (11). ഭാഗവതത്തിലെ 10-ാം സ്കന്ധം 89-ാം അദ്ധ്യായത്തിലെ 24, 25 ശ്ലോകങ്ങളിലൂടെ വ്യാസ ഭഗവാൻ ഇങ്ങനെ പറയുന്നു :

'ഭോഗിയായ് ലുബ്ധനായ് ബ്രഹ്മ-
ദ്വേഷിയായ് ശഠബുദ്ധിയായ്

വർത്തിക്കുമീ നൃപാലൻ തൻ
ദോഷത്താൽ ചത്തിതെൻ മകൻ' (24)

'ഹിംസാഭോഗരതൻ
ദുശ്ശീലന മാമൊരു മന്നനെ
സേവിപ്പോർക്കും വരും നൂനം
ദാരിദ്ര്യം നിത്യദുഃഖവും' (25)

– ടി.എസ്. തിരുമുമ്പിന്റെ തർജ്ജമ.

ഇപ്പറഞ്ഞ കൊള്ളരുതായ്മകൾ അവയുടെ പരമ കാഷ്ഠയിലുള്ളവരാണ് സംസ്ഥാനത്തിലും രാജ്യത്തും ഭരണരംഗത്തുള്ളവരെന്നതിനാൽ ശബരിമല ദുരന്തത്തെയും ഷൊറണൂർ പടക്കനിർമ്മാണശാലാ ദുരന്തത്തെയും പോലെയുള്ള 'യദൃച്ഛയാ' ഉണ്ടാകുന്ന 'നിർഭാഗ്യ'കരമായ സംഭവങ്ങളുടെയും വെള്ളപ്പൊക്കം, വരൾച്ച, ഭൂകമ്പം, പകർച്ചവ്യാധികൾ എന്നിവയുടെയും പ്രാഥമിക ഉത്തരവാദിത്വം വഹിക്കേണ്ടത് ബന്ധപ്പെട്ട സർക്കാറാണ്. സുകൃതം ക്ഷയിച്ചവരെയും കപടന്മാരെയും ഉത്തരവാദിത്വത്തെ പ്രതികൂലമായി ബാധിക്കുന്ന താല്പര്യങ്ങൾ വെച്ചുപുലർത്തുന്നവരെയും ഭരണത്തിലേറ്റിയാൽ 'യാദൃച്ഛിക'ങ്ങളും 'നിർഭാഗ്യ'കരങ്ങളുമായ ദുരനുഭവങ്ങളായിരിക്കും തങ്ങളുടെ ഫലമെന്ന് ജനങ്ങളും തിരിച്ചറിയണം. ഋഷീശ്വരന്മാരുടെ വാക്കുകൾ വിലമതിക്കാത്തവർ ഭരണം നടത്തുന്നതാണ് കേരളത്തിന്റെയും ഭാരതത്തിന്റെയും ലോകത്തിന്റെതന്നെയും ദുർദ്ദശക്ക് കാരണം. കലികാലമല്ലേ എന്നോർത്ത് നിരാശരാവേണ്ടതില്ല. മൂല്യബോധമുള്ളവരെയും ആത്മബോധത്തോടെ ജീവിക്കുന്നവരെയും കലി ബാധിക്കുകയില്ല. അത്തരക്കാർ ഭരണതലത്തിലുണ്ടായാൽ കലിദോഷത്തിൽനിന്ന് രാജ്യത്തിനും ജനങ്ങൾക്കും വലിയൊരളവോളം രക്ഷനേടാം.

കലികാലമല്ലേ എന്നോർത്ത് നിരാശരാവേണ്ടതില്ല. മൂല്യബോധമുള്ളവരെയും ആത്മബോധത്തോടെ ജീവിക്കുന്നവരെയും കലി ബാധിക്കുകയില്ല. അത്തരക്കാർ ഭരണതലത്തിലുണ്ടായാൽ കലിദോഷത്തിൽ നിന്ന് രാജ്യത്തിനും ജനങ്ങൾക്കും വലിയൊരളവോളം രക്ഷനേടാം.

■

# മനസ്സിന്റെ പ്രവർത്തനം
## ഭാരതീയ ഋഷിമാരുടെ ദൃഷ്ടിയിൽ

എൽ. ഗിരീഷ്കുമാർ

(മുൻ 3 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ അവസാനഭാഗം)

### അഹങ്കാരം (ego)

മനസ്സിന്റെ (mind) നാലാമത്തെ ഭാഗമായ അഹങ്കാരമെന്നതാണ് നമ്മളെ അഭിമാനിയാക്കുന്നത്. അഹങ്കാരിയാകരുത് എന്ന് മിക്ക എല്ലാ ആദ്ധ്യാത്മിക പുരുഷന്മാരും നമ്മളോട് പറയും. അഹങ്കാരിയാകാതിരിക്കുവാൻ നമ്മൾ വളരെ കഷ്ടപ്പെടുന്നു. പക്ഷേ, എത്രത്തോളം അഹങ്കാരിയാവാതിരിക്കുവാൻ നോക്കുന്നുവോ അതിലധികം നമ്മൾ അഹങ്കാരിയായിത്തീരുന്നു. വിനീതരിൽ ഏറ്റവും വിനീതരും അഹങ്കാരികളാണ്. എങ്ങനെ ഇത് മനസ്സിലായി എന്നാണെങ്കിൽ നമ്മൾ നമ്മുടെ സ്വപ്നം ഒന്നു നിരീക്ഷിച്ചാൽ മതി. അതിൽ നായകൻ നമ്മളാണോ അതോ നമ്മുടെ അയൽപക്കക്കാരനാണോ? ആരു സ്വപ്നം കാണുകയാണെങ്കിലും അതിലെ നായകൻ സ്വപ്നം കാണുന്നവൻതന്നെയാണ്. ഒരാളുടെ സ്വപ്നത്തിലെ നായകൻ അയാളുടെ അയൽപക്കക്കാരനായി എന്ന് ഞാൻ കേട്ടിട്ടേയില്ല. എല്ലായ്പ്പോഴും ശ്രേഷ്ഠനായ ഞാൻ തന്നെയാണ് സ്വപ്നങ്ങളിലെ നായകൻ. ഞാൻ വളരെവളരെ വിനയനാണ് എന്ന എളിമതന്നെ ഒരഹങ്കാരമാണ്.

നമ്മൾ ഒരിക്കലും നമ്മുടെ സംസാരത്തിൽ ഞാൻ എന്ന് സ്വയം വിശേഷിപ്പിക്കാറുണ്ടാവുകയില്ല. ഈ ശരീരം, നമ്മൾ, ഗിരീഷ് എന്നെല്ലാം ആകും സ്വയം പറയുക. പക്ഷേ, ഇതൊന്നും നമ്മളെ അഹങ്കാരിയല്ലാതെ ആക്കുകയില്ല. നമ്മൾ സ്വപ്നം കാണുകയാണെങ്കിൽ അതിലെ നായകൻ അവനവൻ തന്നെയായിരിക്കും. മറ്റൊരാൾ ആവുകയില്ല. ഊതിവീർത്ത അഹങ്കാരമുള്ളവരും ഒട്ടും തന്നെ അഹങ്കാരമില്ലാത്തവരും ലോകത്ത് ഉണ്ടാകും. രണ്ടു തരത്തിലുള്ള അഹങ്കാരവും നമ്മളിൽ പ്രശ്നമുണ്ടാക്കാം.

ശരിയായി പ്രവർത്തിയ്ക്കുന്ന ഒരു അഹങ്കാരം നമുക്കാവശ്യമുണ്ട്. തന്നെപ്പറ്റി തനിയ്ക്കുള്ള ബോധമാണ് അഹങ്കാരം. അത് ശരിയായ വിധത്തിലായിരിക്കണം. പലപ്പോഴും നമ്മുടെ അഹങ്കാരം ശരിയായ വിധത്തിലല്ല. അതുകൊണ്ട് നമ്മുടെ അഹങ്കാരത്തിന്റെ സ്വഭാവമെന്തെന്ന് നോക്കണം. എന്തുകൊണ്ട് അത് ശരിയായ സ്ഥാനത്തല്ലാത്തത് എന്നും നോക്കണം. പലപ്പോഴും നമ്മൾ നമ്മളെ ശ്രദ്ധിക്കുമ്പോൾ നമ്മൾ ധനപരമായും വൈകാരികമായും ആരോഗ്യപരമായും അരക്ഷിതരാണെന്ന് മനസ്സിലാക്കുന്നു. എന്താണ് എന്നെ അരക്ഷിതനാക്കുന്നത്. എന്തുകൊണ്ടാണ് എനിയ്ക്കുതന്നെ ഞാനൊരു പ്രതിബന്ധമാകുന്നത് (hindrance)? പലപ്പോഴും അഹങ്കാരം ഒരു പ്രശ്നമായിത്തീരുന്നത് എന്തുകൊണ്ട് എന്നെല്ലാം നാം ചിന്തിക്കുവാൻ തുടങ്ങുകയാണെങ്കിൽ അഹങ്കാരത്തിന്റെ സ്വഭാവത്തെക്കുറിച്ച് നമ്മൾ മനസ്സിലാക്കണം. ഈ ഒരു ചെറിയ അഹങ്കാരം (ego) എവിടെനിന്നു കിട്ടി. വലിയ ego-വിനെ കുറിച്ചല്ല ഇവിടെ പറയുന്നത്. നമുക്ക് എല്ലാവർക്കുമുള്ള ആ ചെറിയ അഹങ്കാരത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്. നമുക്ക് അതു കണ്ടുപിടിച്ച് ഇല്ലാതാക്കുവാൻ വളരെ പ്രയാസമാണ്. നമുക്ക് ഈ ലോകത്തെ അറിയുവാൻ സർവ്വശക്തൻ നമുക്ക് അഞ്ചു ഉപകരണങ്ങൾ തന്നിട്ടുണ്ട്. ഞാൻ ഇവിടെ ഒരു ശക്തിയുണ്ടെന്ന് അറിയുന്നതുകൊണ്ടാണ് സർവ്വശക്തൻ എന്ന വാക്ക് ഉപയോഗിച്ചത്. ഞാൻ വിശ്വസിക്കുകയല്ല ചെയ്യുന്നത്. ഞാൻ അറിയുകയാണ് ചെയ്യുന്നത്. ഈ ലോകത്തെ ഉണ്ടാക്കിയ ഒരു ശക്തിയുണ്ടെന്ന് എനിക്കറിയാം. ഈശ്വരൻ ഈ ലോകത്തെ സൃഷ്ടിച്ചത് തന്നിൽനിന്ന് തന്നെയാണ്. അപഞ്ചീകൃതമായതിൽനിന്നാണ് പഞ്ചീകരണം നടക്കുന്നത് (manifestation from the unmanifestated) സൃഷ്ടമല്ലാത്ത ഒന്നിൽനിന്നാണ് സൃഷ്ടി ഉണ്ടാകുക. അതല്ലാതെ വേറെ ഒന്നിൽനിന്നല്ല. ഒരു ശക്തിയുണ്ട്. അതിനെ പേരുപയോഗിച്ച് വേണമെങ്കിലും വിളിയ്ക്കാം. അത് എന്നേക്കാൾ അതീതനാണ്. അതിൽനിന്നാണ് ഞാൻ ഉണ്ടായത്. അതിനെ ഏതു പേരുകൊണ്ടും ഏതു ഈശ്വരനാമം ഉപയോഗിച്ചും വിളിയ്ക്കാം. ലോകത്തെ മനസ്സിലാക്കുവാനുള്ള അഞ്ച് ഉപകരണങ്ങളെക്കൊണ്ടാണ് എന്നെ സജ്ജമാക്കിയിരിക്കുന്ന

ത്. ഈ അഞ്ച് ഉപകരണങ്ങൾകൊണ്ടേ എനിക്ക് ഈ ലോകത്തെ അറിയാൻ സാധിക്കുകയുള്ളൂ. പദാർത്ഥങ്ങളെ കാണുവാൻ സഹായിക്കുന്ന കണ്ണ്, വാസനയെ മനസ്സിലാക്കിത്തരുന്ന മൂക്ക്, രുചി തരുന്ന നാക്ക്, തൊടുവാനും അറിയുവാനും എന്നെ സഹായിക്കുന്ന ത്വക്ക്, കേൾക്കാൻ സഹായിക്കുന്ന ചെവി എന്നിവയാണ് ആ അഞ്ചുപകരണങ്ങൾ. എന്റെ ലോകമെന്ന് പറയുന്നത് എനിക്ക് കാണുവാനും മണക്കുവാനും രുചിക്കുവാനും തൊടാനും കേൾക്കാനും പറ്റുന്ന ലോകമാണ്. ഇതല്ലാതെ വേറൊരു ലോകമില്ല എനിക്ക്. എന്റെ ലോകത്തെ തീർത്തിട്ടുള്ളത് ഈ അഞ്ചുപകരണങ്ങളുടെയും പരസ്പര വിനിമയവും സമ്മിശ്രണവുംകൊണ്ടാണ്. ലോകത്തെ അറിയുവാൻവേണ്ടി ഉപയോഗിക്കുന്ന ഈ സംവേദന അവയവങ്ങളെ ഋഷിമാരുടെ ശാസ്ത്രീയശൈലിയിൽ ജ്ഞാനേന്ദ്രിയങ്ങൾ എന്നാണ് പറയുന്നത്. നോക്കൂ, അവരുടെ വാക്കുകൾ വളരെ ഔചിത്യപൂർണ്ണമാണ്. പ്രവൃത്തി ചെയ്യുവാനുള്ള അവയവങ്ങൾ കർമ്മേന്ദ്രിയങ്ങളാകുന്നു. അറിവുതരുന്നതും പ്രവൃത്തി ചെയ്യുവാൻ ഉപയോഗിക്കുന്നതുമായ അവയവങ്ങളും നമുക്കുണ്ട്. ജ്ഞാനേന്ദ്രിയങ്ങൾ അറിവുതരുന്നത് അവനവന്റെ ലോകത്തിന്റെ മാത്രമാണ്. എന്റെ ലോകം എന്നു പറയുന്നത് ഞാൻ കാണുന്നതും തൊടുന്നതും രുചിക്കുന്നതും മണക്കുന്നതും കേൾക്കുന്നതുമായ ഒന്ന് മാത്രമാണ്. ഈ അഞ്ചുപകരണങ്ങളും ഏതു രീതിയിലാണ് പ്രവർത്തിക്കുന്നത് എന്നു നമുക്കു നോക്കാം.

ഞാൻ എന്തെങ്കിലും ഭംഗിയുള്ളതു കാണുമ്പോൾ ബാലനായാലും വൃദ്ധനായാലും എല്ലാവരും അതെനിക്ക് വേണമെന്നാണ് പറയുക. നമ്മുടെ ദൃഷ്ടിയിൽ ഭംഗിയുള്ളത് നമ്മൾ കാണുമ്പോൾ അതെന്റെ അയൽക്കാരന് വേണമെന്ന് നമ്മൾ ചിന്തിക്കുമോ? ഒരാളുപോലും അങ്ങനെ ചിന്തിക്കുകയില്ല. പുതിയ മോഡലിൽ ഒരു കാർ പുറത്തിറങ്ങുകയും തന്റെ അയൽക്കാരന്റെ ഭംഗിയുള്ള വീടിന്റെ കാർപോർച്ച് കാലിയായി കിടക്കുകയും തനിക്ക് ധാരാളം പണമുണ്ടാവുകയും ചെയ്യുമ്പോൾ ഒരാളും ആ കാർ വാങ്ങി അയൽക്കാരന് കൊടുക്കുകയോ കൊടുക്കാമെന്ന് ചിന്തിക്കുകപോലുമോ ചെയ്യുകയില്ല. ഏതെങ്കിലും ഭംഗിയുള്ളത് ഈ ലോകത്തുണ്ടോ അത് 'എനിക്ക് വേ

ണം എന്നാണ് എല്ലാവരും ചിന്തിക്കുക. പിന്നെ ഞാൻ അത് കിട്ടാൻ പരിശ്രമിക്കും. എന്റെ കണ്ണ് എന്നോട് അത് ആഗ്രഹിക്കുവാൻ ആജ്ഞാപിക്കുന്നു. വേറൊരു വഴിയുമില്ല. ഞാൻ എന്റെ കണ്ണിന്റെ വളരെ അനുസരണയുള്ള വേലക്കാരനാണ്. കണ്ടാലേ ആഗ്രഹിക്കാറുള്ളൂ. കണ്ടില്ലെങ്കിൽ ആഗ്രഹിക്കാറില്ല. ഞാൻ ആഗ്രഹിച്ചത് അത് ഞാൻ കണ്ടതുകൊണ്ടാണ്. കണ്ട വസ്തു സുന്ദരമെന്ന് കണ്ണു തീരുമാനിച്ചു. എന്നിട്ട് എന്റെ കണ്ണ് എന്നോട് ആജ്ഞാപിച്ചപ്പോൾ ഞാൻ ആഗ്രഹിച്ചു. അപ്പോൾ ഞാൻ എന്റെ കർമ്മേന്ദ്രിയങ്ങളോട് ആജ്ഞാപിച്ചു അപ്പോൾ അവർ പ്രവൃത്തിച്ചു. ഏതെങ്കിലും ഒരു വസ്തു ഭംഗിയുള്ളത് എവിടെയെങ്കിലും ഉണ്ടെങ്കിൽ അത് എന്റേതല്ല. അത് എന്റേതാകണമെങ്കിൽ അത് എന്റെ വിഷയപരിധിയ്ക്കുള്ളിൽ കൊണ്ടുവരണം. കണ്ണ് ആജ്ഞാപിച്ചതനുസരിച്ച് ഞാൻ പ്രവർത്തിച്ചു. ഞാൻ എന്റെ കൈകാലുകൾക്ക് ആജ്ഞ കൊടുത്തു. കണ്ണിന്റെ അടിമയായ എന്നോട് കൂടുതൽകൂടുതൽ ആ ഭംഗിയുള്ള വസ്തു അടുത്തുവന്നു. ആ ഭംഗിയുള്ള വസ്തു കൂടുതൽ അടുത്തു വരുംതോറും കണ്ണിന് അതിന്റെ ആകർഷണീയതകൊണ്ട് അതിൽനിന്ന് ദൃഷ്ടി മാറ്റാൻ പറ്റുന്നില്ല. അപ്പോൾ അതിൽനിന്ന് ഓക്കാനം വരുത്തുന്ന ദുർഗന്ധം വമിക്കുകയാണ്. അത്രയ്ക്കും ദുഷിച്ച വസ്തു ആയതുകൊണ്ട് എന്റെ മൂക്കിന് അസ്വസ്ഥത അനുഭവപ്പെട്ടു. ഒട്ടും സഹിക്കുവാൻ പറ്റുന്നില്ല. കണ്ണ് എന്റെ അയൽവാസിയല്ലേ, ഞങ്ങൾ രണ്ടുപേരും ഒരേ ഗർഭപാത്രത്തിൽ നിന്നും വന്നവരല്ലേ, അതുകൊണ്ടിവൻ എന്റെ സഹോദരനല്ലേ. സഹോദരനായ കണ്ണ് അത് ആസ്വദിച്ചോട്ടെ എന്നൊന്നും ഏതെങ്കിലും മൂക്ക് ചിന്തിക്കുമോ? ഇല്ല. അത് വലിച്ചെറിയണമെന്നാണ് തന്റെ ആഗ്രഹമെന്ന് മൂക്ക് നമ്മോട് പറയുന്നു. പാവം അടിമയായ ഞാൻ അങ്ങനെത്തന്നെ ചെയ്യുന്നു. ഞാൻ കൈകാലുകളോട് അപ്രകാരം ആജ്ഞാപിക്കുന്നു. അവർ അപ്രകാരം ചെയ്യുന്നു. അതേസമയം മൂക്കിന് നല്ല വാസന കിട്ടി. മൂക്ക് പറഞ്ഞു നീ ആഗ്രഹിച്ചോ എന്ന്. ഞാൻ അത് ആഗ്രഹിക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തു. അത് കിട്ടുകയും ചെയ്തു. എന്നിട്ട് അത് എടുത്ത് നാക്കിൽ വച്ചു. നാക്കിന് ആ രുചി ഇഷ്ടമായില്ല. എന്റെ പാവം മൂക്കല്ലേ, അയൽക്കാര

നല്ലേ, അവൻ വളരെ ഇഷ്ടപ്പെട്ടതല്ലേ ഞാൻ സഹിച്ചോളാം എന്നെല്ലാം നാക്ക് വിചാരിക്കുമോ? അങ്ങനെയുള്ള സഹനമൊന്നുമില്ല. അത് ഉടൻ തുപ്പിക്കളയാൻ നമ്മോട് ആജ്ഞാപിച്ചു. കണ്ണിന് ഇഷ്ടമായത് മൂക്കിന് ഇഷ്ടമില്ല. മൂക്കിന് ഇഷ്ടപ്പെട്ടത് ത്വക്കിന് ഇഷ്ടമല്ല. ഇങ്ങനെ പരസ്പരം വസ്തുക്കൾ ഇഷ്ടപ്പെടുന്നില്ല. നമ്മുടെ ഈ ലോകത്തെ അറിയാൻ ഈ അഞ്ച് ഉപകരണങ്ങളേയുള്ളൂ. അവ പരസ്പരം സ്വരച്ചേർച്ചയോടെ പൊരുത്തപ്പെട്ട് പ്രവർത്തിക്കുന്നില്ല. ഈ അവസ്ഥയിലാണ് നമ്മൾ നീ നിന്നെപ്പോലെ നിന്റെ അയൽക്കാരനെ സ്നേഹിക്കണം എന്നുംമറ്റും സ്വരചേർച്ചയെക്കുറിച്ച് പ്രസംഗിക്കുന്നത്. ലോകത്തെ ഏറ്റവും അയൽപക്കക്കാർ ഈ അഞ്ചു ഉപകരണങ്ങൾ (ഇന്ദ്രിയങ്ങൾ) ആണ്. ഞാൻ നമ്മുടെ ജ്ഞാനേന്ദ്രിയങ്ങളുടെ ഉല്പന്നമാണ്. ഇന്ദ്രിയങ്ങളുടെ പൂർണ്ണപ്രവർത്തനത്തിലൂടെ മാത്രമേ ഞാൻ ഉണ്ടാവുകയുള്ളൂ. അത് നമുക്ക് എങ്ങനെ മനസ്സിലാക്കാമെന്നാണെങ്കിൽ സുഷുപ്തിയിൽ (സുഖനിദ്രയിൽ) ഒരു അഹങ്കാരവുമില്ല. അഞ്ച് വിഭാഗങ്ങളുള്ള ഒരു ഓഫീസിലെ അഞ്ച് ഓഫീസർമാരും അഞ്ച് വിഭാഗങ്ങളുമടച്ചാൽ അവിടെ ഒരു പ്യൂണിന്റെ ആവശ്യമില്ല. പ്യൂൺ വീട്ടിൽ പോകും. അതുകൊണ്ട് സുഖനിദ്രയിൽ ഈ അഞ്ച് ഇന്ദ്രിയങ്ങളും പ്രവർത്തിക്കാത്തതുകൊണ്ട് അവിടെ അഹങ്കാരമുണ്ടാവുകയില്ല. പരസ്പരം കലഹിക്കുന്ന ഡിപാർട്ട്മെന്റ് ഓഫീസർമാരുണ്ടെങ്കിൽ അവിടുത്തെ പ്യൂണിന്റെ സ്ഥിതി എന്തായിരിക്കും. പ്യൂൺ അവിടുത്തെ എം.ഡി. ആയിരിക്കും. അതുപോലെത്തന്നെയായിരിക്കും എന്റെ സ്ഥിതി. തലയാകുന്ന എന്റെ ഓഫീസിൽ അഞ്ച് ഡിപാർട്ടുമെന്റ് ഓഫീസർമാരും തല്ലുകൂടലിലാണ്. അപ്പോൾ പ്യൂണാകുന്ന ഞാൻ വിചാരിക്കുകയാണ് ഞാനാണ് തലവനെന്ന്. ഞാനാണ് ശ്രേഷ്ഠൻ എന്ന്. പക്ഷേ, ഞാൻ കണ്ടുപിടിക്കപ്പെട്ടാലോ എന്നു ഭയക്കുന്നു. അത് അരക്ഷിതനാണെന്ന തോന്നൽ ഉണ്ടാക്കുന്നു. അവനവനെ ശരിക്കും മനസ്സിലാക്കാതെ ലോകത്ത് ശരിക്കും പ്രവർത്തിക്കുവാൻ സാധിക്കുകയില്ല.

നമ്മൾ എപ്പോഴും അഹങ്കാരം (ego) ഇല്ലാത്ത ജനങ്ങളെപ്പറ്റി പറയുന്നു. അങ്ങനെയുള്ള ഒരാളെ നിങ്ങൾ കണ്ടിട്ടുണ്ടോ? അങ്ങനെയുള്ള ഒരാളെ ഞാൻ കണ്ടിട്ടി

ല്ല. നമുക്ക് അഹങ്കാരരഹിതരാകുവാൻ സാധിക്കുകയില്ല. എന്തെന്നാൽ അഹങ്കാരമെന്നത് നമ്മളിൽതന്നെ അതിന്റെ ഭാഗമായി നിർമ്മിയ്ക്കപ്പെട്ട ഒന്നാണ്. സാംഖ്യദർശനത്തിൽ ഈ ലോകത്തെ സൃഷ്ടിക്കാൻ ഉപയോഗിച്ച തത്ത്വങ്ങളുടെ കൂട്ടത്തിലുള്ള പ്രകൃതി, അഹങ്കാരം എന്നതെല്ലാം മായാതത്ത്വത്തിന് ശേഷമാണ് വരുന്നത്. മായ പുരുഷൻ, പ്രകൃതി എന്നിവയുടെയെല്ലാം ഉപോൽപ്പന്നമായ അഹങ്കാരം എങ്ങനെ അതിനുശേഷം വരും. അത് അസാദ്ധ്യമാണ്. അതുകൊണ്ട് നമ്മൾ നമ്മുടെ അഹങ്കാരം എന്ത് എന്ന് അറിയണം. അത് എന്തുകൊണ്ട് പ്രശ്നം സൃഷ്ടിക്കുന്നു എന്നുമറിയണം. അഹങ്കാരം അതിന്റെ ശരിയായ സ്ഥാനത്തായിരിക്കുകയില്ല. അഞ്ച് ഡിപാർട്ടുമെന്റ് ഉള്ള ഈ ഓഫീസിലെ അഞ്ച് ഓഫീസർമാരും പരസ്പരം തമ്മിലടിയ്ക്കുമ്പോൾ ഞാൻ എന്ന പ്യൂണിന്റെ വിചാരം താൻ എം.ഡി. ആണെന്നാണ്. അതാണ് പ്രശ്നം സൃഷ്ടിക്കുന്നത്. അതുകൊണ്ട് നമ്മുടെ കണ്ണ് എം.ഡി. അല്ല പ്യൂണാണെന്ന് തിരിച്ചറിയുക. ആ നിമിഷം നമ്മുടെ പ്രശ്നം അവസാനിക്കും. പ്യൂണിനോട് ആരും തല്ലുകൂടാൻ ആഗ്രഹിക്കാറില്ല. താൻ അരക്ഷിതനാണെന്നുള്ള പ്രശ്നത്തിന് മറ്റൊരു കാരണം അഹങ്കാരവുമായുള്ള നമ്മുടെ അസ്വസ്ഥതയാണ്. ആ അസ്വസ്ഥത ഇപ്രകാരമാണ്. ഞാൻ എന്റെ ചുറ്റുപാടുകളെ നിരീക്ഷിക്കുമ്പോൾ വളരെയധികം ജിജ്ഞാസുവായിത്തീരുന്നു. ആധുനിക വിദ്യാഭ്യാസം നമ്മുടെ ജിജ്ഞാസയെ അടിച്ചമർത്താൻ പരിശ്രമിക്കുന്നുവെങ്കിലും നാം ഇപ്പോഴും ജിജ്ഞാസുക്കൾത്തന്നെയാണ്. ഒരു ചെറിയ കുട്ടിപോലും വിദ്യാഭ്യാസമില്ലെങ്കിലും വളരെ ജിജ്ഞാസുവായിരിക്കും. സാമാന്യ മനുഷ്യസഹജമായ വിചാരമാണ് ഇവിടെ പറയാൻ പോകുന്നത്. ശ്രേഷ്ഠനായ ഞാൻ ഈ ലോകത്തെ എല്ലാ മൃഗങ്ങളെയും മെരുക്കിയവനാണ്. ഒരു കാട്ടുനായയെ ഞാൻ ടൗണിലേയ്ക്ക് കൊണ്ടുവന്ന് മെരുക്കിയിട്ടുണ്ട്. ഞാൻ ഓഫീസിൽ നിന്ന് വരുമ്പോൾ എന്നെ കണ്ടിട്ട് വാലാട്ടിക്കൊണ്ട് ഒരു പ്രത്യേകരീതിയിൽ എന്നെ സ്നേഹിക്കൂ, ഭക്ഷണം തരൂ, തൊടൂ എന്നീ ഭാവത്തിൽ കരയും. വലിയവനായ ഞാൻ ചങ്ങലയിൽ പൂട്ടി അടുത്തിരുത്തിക്കൊണ്ട് തലോടും. എനിക്കൊരു കാട്ടുപൂച്ചയുണ്ട്. അതിനെ ഞാൻ മെരു

ക്കി മടിയിലിരുത്തുകയും അത് ചെറുതായി ശബ്ദിക്കുകയും ഞാൻ പാലുകൊടുക്കുകയും ഭക്ഷണം കൊടുക്കുകയും അതെന്നെ വളരെ ഇഷ്ടപ്പെടുകയും ചെയ്യുന്നു. ഞാൻ ഒരു പശുവിനെ മെരുക്കിയെടുത്തിട്ടുണ്ട്. പാൽ കറക്കുകയും ചെയ്യുന്നു. ഞാൻ കുതിരയെ മെരുക്കി സവാരി ചെയ്യാൻ തുടങ്ങി. ഞാൻ എല്ലാത്തിനേയും മെരുക്കും. ഏതെല്ലാം എനിക്കുള്ളതാണെന്ന് വിചാരിക്കുന്നുവോ അതെല്ലാം എന്റെ വീട്ടിലുണ്ട്. എന്നിട്ടും ഞാൻ ആകാംക്ഷയുള്ളവനാണ്. ഞാൻ എന്റെ പട്ടിയെ ചങ്ങലയിൽ പൂട്ടി ദിവസവും നടക്കാനിറങ്ങും. അങ്ങനെ നടക്കുമ്പോൾ ഒരു സ്വാഭാവിക പ്രക്രിയയായി ഞാൻ എന്റെ അടിമയായ ആ പട്ടിയെ നിരീക്ഷിക്കാറുണ്ട്. സ്വാതന്ത്ര്യം നിഷേധിക്കുന്നതുകൊണ്ട് അടിമയാണ്. പക്ഷേ, അതിനെ ഞാൻ അരുമമൃഗമായിട്ടാണ് (pet) പറയുക. എന്നാലും അത് അടിമയാണ്. എന്തുകൊണ്ടെന്നാൽ അതെന്നെ കണ്ട് വാലാട്ടിയില്ലെങ്കിൽ എനിക്കിഷ്ടപ്പെടുകയില്ല. അതുകൊണ്ട് ഞാൻ അതിനെ വാലാട്ടുവാൻ പഠിപ്പിച്ചാൽ വാലാട്ടിയില്ലെങ്കിൽ അതിന് ഞാൻ എല്ലുകൊടുക്കുകയില്ല. അതുകൊണ്ട് അത് വാലാട്ടിയെ പറ്റൂ. അതിന് അതറിയാം. വാലാട്ടുന്നത് വൈകാരിക സ്നേഹപ്രകടനത്തിനായാലും അല്ലെങ്കിലും അത് എല്ലിനുവേണ്ടിത്തന്നെയാണ്. അതിനെയും കൊണ്ട് നടക്കുമ്പോൾ ഞാൻ ഒരു കാര്യം നിരീക്ഷിച്ചറിഞ്ഞു. അതെന്തെന്നാൽ അവന്റെ (പട്ടിയുടെ) കാഴ്ച എന്റേതിൽനിന്നും വ്യത്യസ്തമാണെന്നും എന്നേക്കാൾ കൂടുതൽ അവൻ കാണുന്നുവെന്നും ഞാൻ മനസ്സിലാക്കി. എനിക്ക് കേൾക്കാൻ സാധിക്കുന്നതിനേക്കാൾ കൂടുതൽ അവന് കേൾക്കാൻ സാധിക്കുന്നു. തൊടാനും മണക്കാനും രുചിക്കാനും അവന് (പട്ടിക്ക്) എന്നേക്കാൾ കൂടുതൽ കഴിയുന്നു. ഇതിൽനിന്ന് ഞാൻ കൂടുതൽ അരക്ഷിതനല്ലേ എന്ന ഒരു ശങ്ക എന്നിൽ ജനിയ്ക്കുന്നു. എന്റെ കാഴ്ചയേക്കാൾ എന്റെ പട്ടിയുടെ കാഴ്ച മഹത്തരമാണോ എന്ന്. എന്നേക്കാൾ കൂടുതൽ മറ്റാരും കാണുന്നത് എനിക്കിഷ്ടമല്ല. പതുക്കെ ഞാൻ മനസ്സിലാക്കി ഈ പട്ടിയുടെ ലോകം എന്റെ ലോകത്തിൽനിന്നും വ്യത്യസ്തമാണെന്ന്. പിന്നീട് ഞാൻ എന്റെ പൂച്ചയെ നിരീക്ഷിച്ചു. ആ ചെറിയ ജീവിയ്ക്ക് ഞാൻ കാണുന്നതിനേക്കാൾ കൂടുതൽ കാണാൻ സാധിക്കുന്നു.

മാത്രമല്ല രുചിക്കാനും മണക്കാനും കഴിയുമെന്ന് മനസ്സിലാക്കി. പിന്നെ ഞാൻ നിരീക്ഷണം എന്റെ പശുവിലേയ്ക്കും കുതിരയിലേയ്ക്കും തിരിച്ചു. അവകളിലെല്ലാം സമാനമായ അനുഭവമാണ് ഉണ്ടായത്. അവയ്ക്ക് ഓരോന്നിനും എന്റെ കാഴ്ചയിൽനിന്നും വ്യത്യസ്തമായ കാഴ്ചയാണെന്ന് മനസ്സിലാക്കി. അങ്ങനെയിരിക്കുമ്പോൾ സുനാമി വന്നപ്പോൾ ഞാനും ഞാൻ മെരുക്കിയ മൃഗങ്ങളും പൂർണ്ണമായി കശാപ്പ് ചെയ്യപ്പെടുകയും ബാക്കിയുള്ളവ രക്ഷപ്പെടുകയും സ്വതന്ത്രരാവുകയും ചെയ്തു. സർവ്വശ്രേഷ്ഠനെന്ന് വിചാരിക്കുന്ന ഞാൻ വിറച്ചുപോയി. എന്നെയും (മനുഷ്യനെയും) ഞാൻ (മനുഷ്യൻ) മെരുക്കിയ മൃഗങ്ങളെയും പ്രകൃതി പരാജയപ്പെടുത്തുകയും കശാപ്പുചെയ്യുകയും ചെയ്തു. അമ്മയായ പ്രകൃതി വളരെ കരുണയുള്ളവളാണ്. ഏതെല്ലാം ജന്തുക്കളാണോ മനുഷ്യർ നിയന്ത്രിക്കാതെയും മെരുക്കാതെയും തൊടാതെയും ഇരുന്നത് അവരോട് എല്ലാവരോടും അമ്മയായ പ്രകൃതി കരുണകാട്ടി. അപ്പോൾ ഞാൻ വിറച്ചുപോയി. ഭയന്നുപോയി.

നിർഭാഗ്യവശാൽ ഞാൻ ഫിസിക്സ് പഠിക്കാൻ ആരംഭിച്ചു. അവിടെ വൈദ്യുതകാന്തിക വർണ്ണരാജിയിൽ (electro magnetic spectrum) എനിക്ക് ഏഴു വർണ്ണങ്ങളെ (vibgyor) മാത്രമേ കാണുവാൻ സാധിച്ചുള്ളൂ. ഒരു വർണ്ണരാജിയിൽ ഒരു ചെറിയ ഭാഗം മാത്രമേ ദൃഷ്ടിഗോചരമായുള്ളൂ. വേറെ ഒന്നുംതന്നെ കാണാൻ സാധിച്ചില്ല. എന്താണ് ഞാനെന്റെ കാഴ്ച്ചയെക്കുറിച്ച് അവകാശപ്പെട്ടത്? പക്ഷേ, കേവലം ഏഴു നിറങ്ങളുടെ ഒരു സമ്മിശ്രണം മാത്രമേ കാണുവാൻ സാധിച്ചുള്ളൂ. അതിനപ്പുറം ഉള്ളതോ ഇപ്പുറമുള്ളതോ കാണാൻ എനിക്കു സാധിച്ചില്ല. അൾട്രാവയലറ്റ് രശ്മികളെയോ ഇൻഫ്രാറെഡ് രശ്മികളെയോ എന്റെ കണ്ണുകൾക്ക് കാണാൻ സാധിച്ചില്ല. ഞാൻ വളരെ അസന്തുഷ്ടനായി. പിന്നെ ഞാൻ മനസ്സിലാക്കി 20 hertz മുതൽ 20000 hertz വരെയുള്ള ശബ്ദങ്ങൾ മാത്രമേ കേൾക്കുവാൻ സാധിക്കുകയുള്ളൂവെന്ന്. അതിൽ കുറവോ അതിൽ കൂടുതലോ എനിക്കു കേൾക്കുവാൻ സാധിക്കുകയില്ല. എനിക്കു രുചിക്കുവാനും മണക്കുവാനും സാധിക്കുക ചില പ്രത്യേക രുചികളും മണങ്ങളും മാത്രം. എനിക്കു സ്പർശിക്കുവാൻ സാധിക്കുന്നത് ഒരു പരിധിവരെയുള്ള

താപനിലമാത്രം. ഒരു പ്രത്യേക പരിധിയിൽനിന്ന് കൂടുതൽ ഉള്ള താപം തൊട്ടാൽ എന്റെ തൊലിയ്ക്കു പൊള്ളൽ ഏല്ക്കും. കുറഞ്ഞാലോ എന്റെ തൊലി മരവിയ്ക്കും. ഇതു മനസ്സിലാക്കിയപ്പോൾ ഞാൻ അദ്ഭുതംകൊണ്ടും ഭയംകൊണ്ടും പരിഭ്രാന്തനായി. എന്റെ ലോകം വളരെ പരിമിതമാണെന്നും ആ പരിമിതലോകത്തെ മാത്രം രാജാവാണ് താനെന്നും ഞാൻ തിരിച്ചറിഞ്ഞു. അതോടെ എന്റെ പരിമിതത്വം ഈ അനന്തമായ ലോകത്ത് എന്നെ ശല്യപ്പെടുത്തുന്നതായും ഇന്ദ്രിയവുമായുള്ള എന്റെ സ്വരച്ചേർച്ചയില്ലായ്മ എന്നിൽ അരക്ഷിതത്വം ഉണ്ടാക്കുന്നതായും തോന്നി. ഞാൻ എന്താണോ എന്നെക്കുറിച്ച് വിചാരിച്ചത് അതല്ല ഞാൻ. നീഷേ പറഞ്ഞത് ശരിയല്ല. 'ഞാൻ ചിന്തിക്കുന്നു, അതുകൊണ്ട് ഞാനുണ്ട്' എന്നാണ് അദ്ദേഹം പറഞ്ഞത്. എന്തെന്നാൽ ഞാൻ ഞാനാണെന്ന് വിചാരിച്ചത് അല്ല ഞാനെന്ന് എനിക്കു മനസ്സിലായി. അതുകൊണ്ട് ഞാൻ മറ്റെന്തോ ആയിരിക്കണം. ഞാൻ എന്താണെന്ന് മനസ്സിലാക്കാൻ കഴിയണം. അങ്ങനെ മനസ്സിലാക്കിയാലേ എന്റെ അഹങ്കാരത്തെ എനിക്കു ശരിയായി കൈകാര്യം ചെയ്യാൻ സാധിക്കൂ. എന്നെത്തന്നെ എനിക്കു ശരിക്കും തിരിച്ചറിയണമെങ്കിൽ എന്റെ മനസ്സും ബുദ്ധിയും ചിത്തവും (visualizing part, intellectual part, memory part) ശരിയായി പ്രവർത്തിക്കേണ്ടതുണ്ട്. അതുകൊണ്ട് എന്റെ മനസ്സിനെ ശരിയാക്കണം. എന്റെ മനസ്സിനെ എങ്ങനെ ശരിയായി പ്രവർത്തിക്കുന്ന ഒന്നാക്കും എന്നു ചിന്തിച്ചപ്പോൾ മഹർഷിമാർ ഒരു ഉപായം പറഞ്ഞുകൊടുത്തു. സമയക്രമം അനുസരിച്ച് ഈശ്വരനാമം ജപിക്കുവെന്ന്. പക്ഷേ, നാം ജപിക്കുകയില്ല. കാരണം നേരത്തെ പറഞ്ഞതുപോലെ ഇതു പറഞ്ഞഥ് നല്ലപോലെ വേഷവിധാനം ചെയ്ത ആളല്ല. ഇതു പറഞ്ഞിരുന്നത് ആൽബർട്ട് ഐൻസ്റ്റീനോ ഷ്രോർഡിജറോ മാസ്ലോവോ മാക്സ്വെല്ലോ ആയിരുന്നെങ്കിൽ നമ്മൾ വേഗമത് സ്വീകരിച്ചേനേ. പക്ഷേ, ഇതെല്ലാം ഇതുവരെ ഭരദ്വാജൻ, അത്രി, വിശ്വാമിത്രൻ തുടങ്ങിയവരിൽനിന്നാണ് നാം കേട്ടത്. അതുകൊണ്ടാണി

ത് നന്നല്ല, നമ്മൾ സ്വീകരിക്കുന്നില്ല. ഇതാണ് കാപട്യം. നമ്മൾ കപടരാണ്. നേരെ മറിച്ചാണെങ്കിൽ നമ്മൾ സ്വീകരിക്കും. മഹർഷിമാർ മറ്റെല്ലാ ശാസ്ത്രജ്ഞന്മാരേക്കാളും ശ്രേഷ്ഠന്മാരാണ്. അവർ നമ്മുടെ മനസ്സിനെ നിരീക്ഷിച്ചു പഠിച്ച് മനസ്സിലാക്കി. ഒരാൾക്ക് ശരിയായി ലോകത്ത് പ്രവർത്തിക്കണമെങ്കിൽ മനസ്സിന്റെ (mind) മനസ്സ്, ബുദ്ധി, ചിത്തം, അഹങ്കാരം എന്നീ നാലു ഭാഗങ്ങളും വളരെ സഹകരിച്ചും സ്വരചേർച്ചയോടെയും ഇരിക്കേണ്ടതുണ്ടെന്ന്. അതിന് അവർ ഏറ്റവും സരളവും ലളിതവുമായ ഒരു ഉപായം പറഞ്ഞുതന്നു. അതാണ് ഈശ്വരനാമം ജപിക്കൽ. ഈശ്വരനാമം ജപിക്കുമ്പോൾ നമ്മൾ നമ്മുടെ ഓർമ്മയെ പരിശീലിപ്പിക്കുകയാണ്. കൂടുതൽ ജപിച്ചാൽ കൂടുതലായി ഓർമ്മയ്ക്ക് പരിശീലനം കിട്ടും. കാരണം ഓർമ്മയെ വേണ്ടവിധം പരിശീലിപ്പിക്കുവാൻ സാധിക്കും. നമ്മൾ ഓർമ്മയെ പരിശീലിപ്പിക്കുന്നത് വേണ്ടതിനെ ഓർക്കാനാണ്. അതല്ലാതെ വൈകാരികമായവയുടെ ഊറലുകളെ ശേഖരിച്ചുവയ്ക്കുവാനല്ല. ഓർക്കേണ്ടതിനെ മാത്രം ഓർക്കാൻ വേണ്ടിയാണ്. ഈശ്വരനാമത്തെക്കുറിച്ചാണെങ്കിൽ അത് നമ്മളെ സഹായിക്കുവാൻമാത്രം ശക്തിമത്താണ്. ഈശ്വരന്റെ പേരിൽ അടങ്ങിയിരിക്കുന്ന ഈശ്വരശക്തിയെപ്പറ്റി നിർവ്വചിയ്ക്കുവാനോ വിവരിയ്ക്കുവാനോ ചർച്ചചെയ്യുവാനോ നമുക്ക് സാധിക്കുകയില്ല. നമ്മുടെ നിർവ്വചനങ്ങൾക്കും വിവരണങ്ങൾക്കും ചർച്ചകൾക്കും അപ്പുറമാണ് ഈശ്വരശക്തി. അതുകൊണ്ട് നാമജപം ഓർമ്മയെ സഹായിക്കും. കൂടുതൽ ജപിച്ചാൽ കാര്യങ്ങളെ വേണ്ടവിധം ഓർക്കുവാൻ നമുക്ക് സാധിക്കും. അതുകൊണ്ടാണ് മഹർഷിമാർ വേദം ദിവസവും ചൊല്ലിയിരുന്നത്. അവർ ചൊല്ലുകയും കേൾക്കുകയും പതിവാണ്. ആദ്യകാലത്തെല്ലാം കേട്ട് പഠിച്ചിരുന്നതുകൊണ്ടാണ് വേദത്തിന് ശ്രുതി എന്നു പേര് വന്നുചേർന്നത്. നമ്മൾ കേൾക്കുകയും ചൊല്ലുകയും ചെയ്യുമ്പോൾ നമ്മുടെ ഓർമ്മയെ നമ്മൾ പരിശീലിപ്പിക്കുകയാണ് ചെയ്യുന്നത്.

(അവസാനിച്ചു).

# സംസ്കൃതപഠനം

ഡി. പ്രകാശ്

സ്വരവ്യഞ്ജനാക്ഷരങ്ങൾ അവയുടെ വർണ്ണധർമ്മസഹിതം പരിചയപ്പെടാം. എങ്കിലേ ഉച്ചാരണം സുവ്യക്തമാവുകയുള്ളൂ.

## സ്വരപ്പട്ടിക

സ്വരങ്ങൾ : മറ്റൊന്നിന്റെ സഹായം കൂടാതെ തനിയെ ഉച്ചരിക്കാവുന്നവ വർണ്ണങ്ങൾ.

'സ്വതോ രാജന്തി യേ വർണ്ണാഃ തേ സ്വരാഃ' - ശിക്ഷാ.

| സ്വരങ്ങൾ | | | | | ധർമ്മം | എടുക്കുന്ന സമയം |
|---|---|---|---|---|---|---|
| അ<br>अ | ഇ<br>इ | ഉ<br>उ | ഋ<br>ऋ | ഌ<br>लृ | ഹ്രസ്വം | 1<br>മാത്ര |
| ആ<br>आ | ഈ<br>ई | ഊ<br>ऊ | ൠ<br>ॠ | ൡ<br>ॡ | ദീർഘം | 2<br>മാത്ര |
| എ<br>ए | ഐ<br>ऐ | ഒ<br>ओ | ഔ<br>औ | | സന്ധിസ്വരങ്ങൾ ദീർഘം | 2<br>മാത്ര |

ആദ്യവരിയിലേത് ഹ്രസ്വസ്വരങ്ങൾ - ഒരു ഞൊടിയുടെ സമയംകൊണ്ട് ഉച്ചരിക്കാവുന്നത്.

രണ്ടാം വരിയിലേത് ദീർഘസ്വരങ്ങൾ - രണ്ടു ഞൊടിയുടെ സമയംകൊണ്ട് ഉച്ചരിക്കാവുന്നത്.

മൂന്നാം വരിയിലേത് സന്ധിസ്വരങ്ങൾ

അ + ഇ = എ, അ + എ = ഐ, അ + ഉ = ഓ, അ + ഒ = ഔ.

## അനുസ്വാര വിസർഗ്ഗങ്ങൾ

സ്വരത്തിനെ പിന്തുടർന്നുവരുന്നതിനാൽ അനുസ്വാരം എന്നു പറയുന്നു. 'സ്വരം അനുഭവതി ഇതി അനുസ്വാരഃ'. अं, इं, उं എന്നിങ്ങനെ സ്വരങ്ങൾക്കുശേഷമാണ് അനുസ്വ

രത്തിന്റെ ഉച്ചാരണം. ഈ ഉച്ചാരണത്തെ കുറിയ്ക്കുന്ന ലിപിയാണ് സ്വരങ്ങളുടെ മേൽവരയ്ക്കു മുകളിൽ കൊടുത്തിട്ടുള്ള കുത്ത്. ഇതിന് മ് എന്നും സ്വരശേഷം എഴുതാം. अम्, इम्, उम् എന്ന് ഉദാഹരണങ്ങൾ.

വിവിധങ്ങളായ സ്വരങ്ങളുടെ ഛായയിൽ സൃഷ്ടിക്കപ്പെടുന്നത് വിസർഗ്ഗം. 'വിവിധം സൃജ്യതേ ക്ഷിപ്യതേ വിസർഗ്ഗഃ'. പതനരൂപത്തിലുള്ള ഉച്ചാരണമാണ് വിസർഗ്ഗത്തിനുള്ളത്. മൂക്കിന്റെ ഉപയോഗത്തോടെയുള്ള അനുസ്വാരത്തിന് ലയസ്വഭാവമെങ്കിൽ പതനധ്വനിയുള്ള വിസർഗ്ഗത്തിന് സൃഷ്ടിസ്വഭാവമെന്ന് മന്ത്രശാസ്ത്രം പറയുന്നു. ഹകാരത്തിന്റെ ഒരു പാതി ഉച്ചാരണമാണ് യഥാർത്ഥത്തിൽ വിസർഗ്ഗത്തിനുള്ളത്. വിസർഗ്ഗത്തെ സൂചിപ്പിക്കാൻ സ്വരത്തിനുശേഷം രണ്ടു ബിന്ദുക്കൾ ഇടുന്നു. ഉദാഹരണം अः, इः എന്നിങ്ങനെ.

അനുസ്വാരവിസർഗ്ഗങ്ങൾ വ്യഞ്ജനാക്ഷരങ്ങൾ ചേർത്ത് എഴുതുമ്പോഴും സ്വരശേഷമാണ് അവ വരിക. ഉദാഹരണം रामः എന്നത് र + आ + म् + अः എന്നിങ്ങനെയും वनम् എന്നത് व + अ + न् + अं എന്നിങ്ങനെയുമാണ്.

## വ്യഞ്ജനാക്ഷരപ്പട്ടിക

സ്വരാക്ഷരങ്ങളാൽ പ്രകാശിയ്ക്കപ്പെടുന്നവയാണ് വ്യഞ്ജനങ്ങൾ. സ്വരസഹായം കൂടാതെ അവയെ ഉച്ചരിയ്ക്കുവാൻ സാധിക്കുകയില്ല. 'സ്വരൈഃ യാനി വ്യഞ്ജ്യന്തേ താനി വ്യഞ്ജനാനനി'. 33 വ്യഞ്ജനാക്ഷരങ്ങളെ അവയുടെ വർണ്ണധർമ്മങ്ങൾക്കനുസരിച്ച് ഉച്ചരിയ്ക്കുവാൻ പഠിയ്ക്കണം. വ്യഞ്ജനത്തിനുമാത്രം അരമാത്രയാണ് ഉച്ചാരണകാലം. വ്യഞ്ജനാദ്യമായ അക്ഷരത്തിന് ഒരു മാത്രയാണ്.

കട്ടിയോടെ പറയുന്നവ (ഖരം); അതികട്ടിയോടെ പറയുന്നവ (അതിഖരം); മൃദുവായി പറയുന്നവ (മൃദു); മുഴക്കത്തോടെ പറയുന്നവ (ഘോഷം); മൂക്കിന്റെ സഹായത്തോടെ പറയുന്നവ (അനുനാസികങ്ങൾ) എന്നിങ്ങനെയുള്ള വ്യത്യാസത്തോടെ ഉച്ചാരണം ശ്രദ്ധിക്കണം. കവർഗ്ഗം, ചവർഗ്ഗം എന്നീ ക്രമത്തിൽ ഉച്ചരിക്കുന്നതിനു പകരം താഴെ പറയുന്ന പ്രകാരം ഖരം, അതിഖരം എന്ന ക്രമത്തിൽ ഉച്ചരിച്ചു പഠിയ്ക്കുക.

| ഖരം | അതി ഖരം | മൃദു | ഘോഷം | അനുനാ സികം |
|---|---|---|---|---|
| क ക | ख ഖ | ग ഗ | घ ഘ | ङ ങ |
| च ച | छ ഛ | ज ജ | झ ഝ | ञ ഞ |
| ट ട | ठ ഠ | ड ഡ | ढ ഢ | ण ണ |
| त ത | थ ഥ | द ദ | ध ധ | न ന |
| प പ | फ ഫ | ब ബ | भ ഭ | म മ |

ഓരോ അക്ഷരങ്ങൾക്കും അവ ഉച്ചരിക്കുന്നതിനാവശ്യമായ സ്ഥാനപ്രയത്നങ്ങൾ ഉണ്ട്. അവ ഏതെല്ലാമെന്ന് വിവരിക്കുന്ന ചാർട്ട് നോക്കി നിങ്ങൾക്ക് ഉച്ചാരണം ഏകദേശം ക്രമപ്പെടുത്തുവാൻ സാധിക്കും.

| സ്ഥാനം | അക്ഷരങ്ങൾ |
|---|---|
| കണ്ഠം (തൊണ്ട) | अ आ क ख ग घ ङ ह ः (വിസർഗ്ഗം) |
| താലു (താടി) | इ ई च छ ज झ ञ य श |
| മൂർധാ (തട്ട്) | ऋ ॠ ट ठ ड ढ ण र ष |
| ദന്തം (പല്ല്) | ऌ ॡ त थ द ध न ल स |
| ഓഷ്ഠൗ (ചുണ്ട്) | उ ऊ प फ ब भ म ᳵप ᳵफ (ഉപധ്മാനീയങ്ങൾ) |
| നാസിക (മൂക്ക്) | ञ म ङ ण न |
| കണ്ഠതാലു (തൊണ്ടയും താടിയും) | ए ऐ |
| കണ്ഠോഷ്ഠം (തൊണ്ടയും ചുണ്ടും) | ओ औ |
| ദന്തോഷ്ഠം (പല്ലും ചുണ്ടും) | व |

(തുടരും)

# ശ്രീകൃഷ്ണന്റെ ധർമ്മപരിപാലന ദൗത്യം

അപർണ്ണാദേവി എ.

(കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച)

## പുത്രരൂപേണ ധർമ്മപരിപാലനം

ബാലലീലകളാൽ തന്റെ മാതാപിതാക്കളേയും ബന്ധുജനങ്ങളേയും സന്തോഷിപ്പിക്കുകയെന്നതാണ് പുത്രന്റെ ബാല്യത്തിലെ ധർമ്മം. ഈ ലീലകൾ അറിഞ്ഞോ അറിയാതെയോ ആകാം. ജനിച്ചുവീണ സമയത്തുതന്നെ ദേവകീവസുദേവർക്ക് ആദ്യം 4 തൃക്കൈകളോടുംകൂടിയ വിഷ്ണുരൂപത്തിൽ ദർശനം നല്കിയ കൃഷ്ണൻ അടുത്ത നിമിഷംതന്നെ പിഞ്ചുബാലനായി മാറി. ഭൂമിയിൽ ജനിക്കുന്ന സമയത്ത് ഏതൊരു കുഞ്ഞും ഈശ്വരൻതന്നെയായി പിറക്കുന്നുവെന്ന തത്വം ഇവിടെ കാണാം. ധർമ്മചിന്തയുള്ളവന് കർത്തവ്യബോധം ഉണ്ട് എന്നത് കംസന്റെ തടവറയിൽനിന്ന് അമ്പാടിയിലെ നന്ദഗോപഗൃഹത്തിലേയ്ക്ക് തന്നെ മാറ്റിപ്പാർപ്പിയ്ക്കാൻ നിർദ്ദേശം കൊടുത്തതിലൂടെ മനസ്സിലാക്കാം. തന്റെ അച്ഛനമ്മമാർക്ക് ബാലലീലകൾ ആടി ആഹ്ലാദത്തെ നല്കുക, മാതാപിതാക്കളുടെയും മറ്റും ജീവനും സ്വത്തും കംസനിൽനിന്നും തത്സഹായികളിൽനിന്നും രക്ഷിക്കുവാൻ അമ്പാടിയിൽനിന്ന് വൃന്ദാവനത്തിലേയ്ക്ക് മാറ്റിപാർപ്പിക്കുക എന്നത് രണ്ടും അദ്ദേഹം നടത്തിയ യോഗക്ഷേമങ്ങളാകുന്നു. കാരണം നേടിയിട്ടില്ലാത്തത് നേടുക, നേടിയതിനെ സംരക്ഷിക്കുക ഇവയാണല്ലോ യോഗക്ഷേമങ്ങൾ. അച്ഛനമ്മമാരെ അവരുടെ പിതൃമാതൃഭാവങ്ങളിൽ നിർത്തിക്കൊണ്ടുതന്നെ ഈശ്വരാനുഭവവും തന്മാർഗ്ഗവും കാട്ടിക്കൊടുത്ത ഗുരുതന്നെ ശ്രീകൃഷ്ണൻ. യശോദയ്ക്ക് വായിൽ ഭൂലോകമഖിലവും കാട്ടിയത് സ്മർത്തവ്യമാണ്. അതുപോലെ ജനനസമയം ദേവകീവസുദേവന്മാർക്ക് ചതുർഭുജസ്വരൂപം കാട്ടിയതും ഓർക്കുമല്ലോ.

## സഹോദരരൂപേണ ധർമ്മപരിപാലനം

കൂടപ്പിറപ്പിനെ അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുകയാണ് ഒരു ഭ്രാതാവിന്റെ ധർമ്മം. തന്റെ ജ്യേഷ്ഠനായ ബലരാമനോടുള്ള സ്നേഹബഹുമാനങ്ങൾ കൃഷ്ണന്റെ ജീവിതത്തിൽ കാണാം. ആസക്തികളായി

പ്രതീകവത്കരിക്കപ്പെടുന്ന പ്രാണങ്ങളെല്ലാം ആത്മാവിന്റെ ഭ്രാതാക്കളാണ്. എല്ലാത്തരം ആസക്തികൾക്കും മുകളിലാണ് തന്റെ സ്ഥാനമെന്ന് അനന്തന് മേൽ പള്ളികൊള്ളുന്ന വിഷ്ണു സാക്ഷ്യപ്പെടുത്തുമ്പോൾ കൃഷ്ണൻ ആ ആസക്തികളെ (ബലരാമനായ അനന്തനെ) തന്നോടൊപ്പം ഊണിലും ഉറക്കത്തിലും ഭ്രാതൃസ്നേഹമാകുന്ന പാശംകൊണ്ട് ബന്ധിക്കുന്നു. ജീവാത്മാവിന് എപ്പോഴാണോ ആസക്തികളിൽ നിയന്ത്രണം കിട്ടുന്നത് അപ്പോൾ ജീവാത്മാവ് പരമാത്മാവിലേയ്ക്ക് ഉയർത്തപ്പെടുന്നു. താൻ ചെയ്യുന്ന എല്ലാ കാര്യങ്ങൾക്കും ജ്യേഷ്ഠന്റെ അഭിപ്രായം കൃഷ്ണൻ കണക്കാക്കുന്നുണ്ട്. ഇത് ബലരാമന് ഭ്രാതൃഭാവം നിലനിർത്താൻ വേണ്ടിയാണ്. എന്നാൽ അർജ്ജുനൻ സുഭദ്രയെ ഹരണം ചെയ്യുന്ന സമയത്തുമാത്രം കൃഷ്ണൻ ബലരാമന്റെ അനുവാദത്തിനായി കാത്തുനിന്നില്ല. കാരണം സ്വസഹോദരിയെ അധർമ്മാനുയായികളായ ദുര്യോധനാദികളുടെ കൈയിൽ നല്കാതെ അവൾക്കനുരൂപനായ വീരനായ പുരുഷന്റെ കൈയിൽ ഏല്പിക്കുകയാണ് സഹോദരധർമ്മം. ആ കൃത്യം കൃഷ്ണൻ വളരെ ഭംഗിയായി നിർവ്വഹിച്ചു.

## സുഹൃദ്രൂപേണ ധർമ്മപരിപാലനം

സന്തോഷത്തിലും സന്താപത്തിലും കൂടെനിൽക്കുന്നവനാണ് സുഹൃത്ത്. ഗോകുലത്തിലെ എല്ലാ ഗോപകുമാരന്മാരുടെയും പാണ്ഡവരുടെയും പ്രത്യേകിച്ച് അർജ്ജുനന്റെയും ആത്മമിത്രമാണ് കൃഷ്ണൻ. തന്റെ ബാല്യത്തിൽ ഗോപന്മാരോടൊപ്പം കളിച്ച് അവരെ തന്റെ വാക്കുകൊണ്ടും നോക്കുകൊണ്ടും വേണുഗാനത്താലും ആകർഷിച്ച് തന്നെ അവരുടെ മനസ്സോട് ചേർത്തു. അഘാസുരൻ പെരുമ്പാമ്പായി വന്നപ്പോഴും കാട്ടുതീയിൽനിന്നും ഗോപന്മാരെ രക്ഷപ്പെടുത്തി.

പാണ്ഡവരുടെ സുഖത്തിലും ദുഃഖത്തിലും കൃഷ്ണൻ ഒപ്പം ഉണ്ടായിരുന്നു. സുഹൃത്തായ കൃഷ്ണന്റെ വാക്കുകൾ അവർ വിലയ്ക്കെടുക്കുകയും ചെയ്തു. ജീവാത്മാവായ അർജ്ജുനന്റെ ആത്മമിത്രമായ കൃഷ്ണൻ പലപ്പോഴും മിത്രത്തിന്റെ ജീവരക്ഷകനും കൂടിയായി. മഹാഭാരതയുദ്ധത്തിൽ ജയദ്രഥനെ അർജ്ജുനൻ വധിക്കേണ്ട സമയത്തും സന്താനഗോപാലം കഥയിൽ വിപ്രന്റെ കുട്ടികളെ വിഷ്ണുലോകത്തിൽനിന്നു കൊണ്ടുവരുന്നതിനും കൃഷ്ണൻ അർജ്ജുനന് തുണയേകി. തന്റെ സഹോദരിയെ അർജ്ജുനൻ ജീവിതസഖിയാക്കാൻ ആഗ്രഹിക്കുന്ന

വെന്ന് അറിഞ്ഞപ്പോൾ പ്രതിബന്ധങ്ങളെ നീക്കാനുള്ള ഉപായം കൃഷ്ണൻ അർജ്ജുനന് പറഞ്ഞുകൊടുക്കുന്നു.

## ശിഷ്യരൂപേണ ധർമ്മപരിപാലനം

ശിഷ്യന്റെ കർത്തവ്യം ഗുരുവിനെ മനസ്സാ വാചാ കർമ്മണാ അനുസരിക്കുകയാണ്. കംസവധത്തിനുശേഷം തന്റെ ഗുരുവായ സാന്ദീപനിയുടെ അടുത്തുനിന്ന് ശ്രീകൃഷ്ണൻ 64 കലകളും ധനുർവേദവും അഭ്യസിച്ചു. ഗുരുകുലത്തിലെ എല്ലാ ചിട്ടകളെയും അദ്ദേഹം യഥോചിതം പാലിച്ചു. ഗുരുവിനെയും ഗുരുപത്നിയെയും പൂർണ്ണമനസ്സോടെ കൃഷ്ണൻ സേവിച്ചു. കാട്ടിൽ വിറകിനായി പുറപ്പെട്ട കൃഷ്ണനും സുദാമാവിനും രാത്രിയിൽ കാട്ടിൽതന്നെ കഴിച്ചുകൂട്ടേണ്ടി വന്നു. ഗുരുപത്നിയെ സേവിക്കുകയെന്ന കർത്തവ്യത്തിൽനിന്ന് ആ സമയത്തും കൃഷ്ണൻ വിമുഖത കാട്ടിയില്ല. പഠനത്തിനുശേഷം ഗുരുദക്ഷിണയായി ഗുരുവിന്റെ പുത്രനെ യമപുരിയിൽനിന്ന് തിരിച്ചുകൊടുത്തു. ഗുരുവിന്റെ ആവശ്യം എന്താണോ അത് തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കിക്കൊടുക്കുകയാണ് ശിഷ്യന്റെ ധർമ്മമെന്ന് തന്റെ കർമ്മങ്ങളിലൂടെ കൃഷ്ണൻ തെളിയിച്ചു.

### ഗുരുധർമ്മം

ഗുരു-വാക്കുകളുടെ നാഥനും വേദങ്ങളുടെ ഉപദേഷ്ടാവും ശിഷ്യന്മാർക്ക് ധർമ്മം ഉപദേശിക്കുന്നവനും ആണ്. സത്ഗുരുവിന്റെ മഹിമ അനന്തമാണ്. അനന്തമായ ഉപകാരങ്ങൾ അദ്ദേഹം ചെയ്തുവരുന്നു. ഒരു ശിഷ്യൻ സ്വഗുരുവിന്റെ മുമ്പിൽ മാത്രമേ തലകുനിക്കുകയുള്ളൂ. ആ ശിഷ്യന്റെ യോഗക്ഷേമം ഗുരുവിന്റെ കർത്തവ്യമാണ്. ഭഗവാന്റെ ശിഷ്യനായി എന്നെ കരുതേണമേ എന്ന് പറഞ്ഞ് ആശ്രയം ചോദിക്കുന്ന അർജ്ജുനനോട് കൃഷ്ണന്റെ ഉറച്ച മറുപടി ഇതാണ് -

> 'അനന്യാശ്ചിന്തയന്തോ മാം
> യേ ജനാ പര്യുപാസതേ
> തേഷാം നിത്യാഭിയുക്താനാം
> യോഗക്ഷേമം വഹാമ്യഹം.'

'മറ്റൊന്നിനെക്കുറിച്ചും ചിന്തിക്കാതെ ഭൂതവും ഭാവിയും കണക്കാക്കാതെ ഈ നിമിഷത്തിൽ ആരാണോ എന്നെമാത്രം ഉപാസിച്ചുകൊണ്ടിരിക്കുന്നത് അവന്റെ യോഗക്ഷേമത്തെ ഞാൻ ചെയ്യുകതന്നെ ചെയ്യും.'

(തുടരും)

## സാംഖ്യദർശനം

ജിൽഷ എ.

എല്ലാ മനുഷ്യരും ആത്യന്തികമായി ആഗ്രഹിക്കുന്നത് സുഖത്തെയാണ്. എങ്ങനെയും സുഖം നേടുക എന്നതാണ് അവരുടെ ലക്ഷ്യം. ക്ഷണനേരത്തേയ്ക്കുപോലും ആരും ദുഃഖം കാംക്ഷിക്കുന്നില്ല. കാരണം ദുഃഖം പ്രതികൂലവേദനീയവും സുഖം അനുകൂലവേദനീയവുമാണ്. പരമമായ ആനന്ദം ആത്മസാക്ഷാത്കാരത്തിലൂടെ മാത്രമേ ലഭിക്കുകയുള്ളൂ. പ്രാചീന ഭാരതീയ ഋഷിവര്യന്മാർ ഈ ആത്മസാക്ഷാത്ക്കാരത്തെ പ്രാപിച്ചവരാണ്. അവർ ദർശിച്ച ആത്മസാക്ഷാത്കാരത്തിലേയ്ക്കുള്ള മാർഗനിർദ്ദേശമാണ് ദർശനങ്ങൾ. അതായത് മാനവരാശിയുടെ നന്മയ്ക്കുവേണ്ടി യോഗികൾ നടത്തിയ പരീക്ഷണനിരീക്ഷണങ്ങളുടെ ഫലമാണ് ദർശനങ്ങൾ. അവ അവരുടെ ചിന്തയുടെ ആകത്തുകയാണ്. അതുകൊണ്ടുതന്നെ ഭാരതീയദർശനങ്ങൾ അപ്രായോഗികങ്ങളാണെന്നു പറഞ്ഞ് തള്ളിക്കളയാനുള്ളവയല്ല. അവ പരീക്ഷണവിധേയമാക്കേണ്ടവ തന്നെയാണ്. ഈ ദർശനങ്ങളെ പൊതുവെ ആസ്തികങ്ങൾ, നാസ്തികങ്ങൾ എന്നിങ്ങനെ രണ്ടു വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വേദങ്ങളെ പ്രമാണമായി സ്വീകരിച്ചിട്ടുള്ളവ ആസ്തികവും അതിനു വിപരീതമായിട്ടുള്ളവ നാസ്തികവും. സാംഖ്യം, യോഗം, ന്യായം, വൈശേഷികം, മീംമാസ, വേദാന്തം എന്നീ ആറു ദർശനങ്ങൾ ആദ്യത്തെ ഗണത്തിലും ബൗദ്ധം, ജൈനം, ലോകായതം തുടങ്ങിയ ദർശനങ്ങൾ രണ്ടാമത്തെ ഗണത്തിലും പെടുന്നു.

എല്ലാ ദർശനങ്ങളുടെയും കാതൽ ജഗത്കാരണഭൂതനായ ആത്മാവിനെക്കുറിച്ചുള്ള അന്വേഷണമാണ്. അവയെല്ലാംതന്നെ ഓരോരോതരത്തിൽ ആത്മസാക്ഷാത്കാരത്തിലൂടെ ആനന്ദം നേടുന്നതിനുവേണ്ടിയുള്ള മാർഗങ്ങളെ ഉപദേശിക്കുന്നു. ദുഃഖം നിലനില്ക്കുന്നിടത്തോളം കാലം സുഖം/ആനന്ദം ഉണ്ടാവുകയില്ല. അതുകൊണ്ട് ദുഃഖനിവൃത്തി ആവശ്യമാണ്. അപ്പോൾ ദുഃഖം അനപേക്ഷിതമായ ഒരു വസ്തുവാകുന്നു. ഏതൊന്നിനെക്കുറിച്ചും അതിന്റെ യാഥാർത്ഥ്യത്തെ മനസ്സിലാക്കാതെ പ്രതികരിക്കുക സാദ്ധ്യമല്ലല്ലോ. അതുകൊണ്ട് ദുഃഖത്തെക്കുറിച്ചും

വ്യക്തമായ അറിവ് ആവശ്യമാണ്. വാസ്തവത്തിൽ ഈ ദുഃഖം എന്താണ്? ജീവനിലും ജഗത്തിലും ദുഃഖത്തിനുള്ള ബന്ധം എന്താണ്? ദുഃഖത്തെ സമൂലം ഉന്മൂലനം ചെയ്യാനുള്ള ഉപായങ്ങൾ എന്തെല്ലാമാണ്? എന്നു തുടങ്ങി ദുഃഖത്തെക്കുറിച്ച് എല്ലാംതന്നെ അറിയേണ്ടതുണ്ട്. ഇപ്രകാരം ദുഃഖത്തെക്കുറിച്ച് വ്യക്തമായ ഒരു വിവരണം നല്കുന്നത് സാംഖ്യമാണ്. ഇതുതന്നെയാണ് സാംഖ്യത്തെ മറ്റു ദർശനങ്ങളിൽനിന്നും വ്യത്യസ്തമാക്കുന്നതും. മഹർഷി കപിലനാണ് ഈ ദർശനത്തിന്റെ പിതാവ്.

സാംഖ്യദർശനമനുസരിച്ച് ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നിങ്ങനെ ദുഃഖം മൂന്നു വിധമാണ്. ശാരീരിക ദോഷങ്ങളായ വാതം, പിത്തം, കഫം എന്നിവകൊണ്ടും, മാനസിക ദോഷങ്ങളായ കാമം, ക്രോധം, ലോഭം, മദം, മോഹം, മാത്സര്യം എന്നിവകൊണ്ടും ഉണ്ടാവുന്ന ദുഃഖം ആദ്ധ്യാത്മികവും, മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, ഉരഗങ്ങൾ എന്നീ ജീവജാലങ്ങൾ മുഖേനയുണ്ടാകുന്ന ദുഃഖം ആധിഭൗതികവും; യക്ഷൻ, രാക്ഷസൻ, പ്രകൃതിശക്തികൾ തുടങ്ങിയ അമാനുഷിക ശക്തികളാൽ ഉണ്ടാകുന്ന ദുഃഖം ആധിദൈവികവുമാകുന്നു. ഇപ്രകാരത്തിലുള്ള ദുഃഖങ്ങളെല്ലാംതന്നെ സംസാരത്തിലെ വസ്തുക്കളെക്കുറിച്ചുള്ള വ്യക്തമായ അറിവില്ലാത്തതുകൊണ്ടുണ്ടാകുന്നവയാണ്. എപ്പോഴാണോ അവയെ വ്യക്തമായി അറിയുന്നത് അപ്പോൾ ദുഃഖനിവൃത്തിയുണ്ടാകുന്നു. ഈ ത്രിവിധ ദുഃഖങ്ങളിൽനിന്നും ആത്യന്തികമായി മോചനം നേടുവാൻ സാംഖ്യം തത്വജ്ഞാനത്തെ ഉപദേശിക്കുന്നു. ത്രിദോഷങ്ങളെക്കൊണ്ടുണ്ടാകുന്ന ശാരീരിക രോഗങ്ങൾ വൈദ്യന്റെയും ഔഷധത്തിന്റെയും സഹായത്തോടെയും കാമക്രോധാദികൾ കൊണ്ടുണ്ടാകുന്ന മാനസികാസ്വാസ്ഥ്യങ്ങൾ ഇഷ്ടപ്രാപ്തി അനിഷ്ട പരിത്യാഗം എന്നിവകൊണ്ടും, ആധിഭൗതികമായ ദുഃഖത്തെ രാജനീതിശാസ്ത്രങ്ങളുടെ പരിശീലനംകൊണ്ടും, ആധിദൈവികമായ ദുഃഖങ്ങൾ മണി, മന്ത്രം എന്നീ ഉപാധികളെക്കൊണ്ടും നിവാരണം ചെയ്യാമെന്നിരിക്കെ എന്തിനാണ് ഈ അലൗകികമായ തത്വജ്ഞാനത്തെ ആശ്രയിക്കുന്നത് എന്ന ഒരു സംശയം ഉളവാകുക സ്വാഭാവികമാണ്. ഈ പറഞ്ഞതെല്ലാം ശരിയാണെങ്കിലും ഇവയൊന്നുംതന്നെ ദുഃഖത്തെ അശേഷം നിവർത്തിക്കുന്നില്ല. ഇതുവരെയും ▸▸

അങ്ങനെ സംഭവിച്ചിട്ടുമില്ല. എന്നാൽ വൈദിക കർമ്മങ്ങളായ യജ്ഞാദികളെക്കൊണ്ട് ആത്യന്തികമായ സുഖം/സ്വർഗ്ഗപ്രാപ്തി ഉണ്ടാവുമല്ലോ എന്നാണെങ്കിലോ, 'ക്ഷീണേ പുണ്യേ മർത്യലോകം വിശന്തി' എന്നതനുസരിച്ച് വീണ്ടും ആ സുഖം ശാശ്വതമല്ലാ എന്നുവരുന്നു. അങ്ങനെ തത്വജ്ഞാനം ഒന്നുമാത്രമേ ശാശ്വതമായ ദുഃഖനിവൃത്തി സാധനഹേതുഭൂതമായിട്ടുള്ളൂ. അതുകൊണ്ടാണ് സാംഖ്യം അലൗകികമായ തത്വജ്ഞാനത്തെ നിശ്രേയസാധനഭൂതമായി ഉപദേശിക്കുന്നത്.

ഈ തത്വജ്ഞാനത്തെ സാംഖ്യത്തിൽ 'സത്വപുരുഷാന്യതാഖ്യാതി' അഥവാ 'പ്രകൃതി പുരുഷ വിവേകഖ്യാതി' എന്നു പറയുന്നു. 'ഖ്യാതി' എന്ന ജ്ഞാനാർത്ഥകപദത്തിലെ 'ഖ്യാ' ധാതുവോടുകൂടി 'സമ്' എന്ന ഉപസർഗം ചേർത്താണ് ദുഃഖത്തിന്റെ അത്യന്തനിവൃത്തി സാധനഭൂതമായ ജഡചേതനഭേദജ്ഞാനനിരൂപണ ശാസ്ത്രമായ സാംഖ്യദർശനത്തിന്റെ നാമകരണംതന്നെ നടത്തിയിരിക്കുന്നത്. 'സംഖ്യാ' ശബ്ദത്തിൽനിന്നാണ് സാംഖ്യം എന്ന പേരുണ്ടായതെന്ന മറ്റൊരു അഭിപ്രായംകൂടി നിലവിലുണ്ട്. ബ്രഹ്മാണ്ഡതത്വങ്ങളെ വിശ്ലേഷണാത്മകമായി ഗണിക്കുന്നു എന്നതാവാം ഒരുപക്ഷേ ഈ ചിന്തയ്ക്കാധാരം. എന്നാൽ ഇത് എത്രത്തോളം യുക്തിസഹമാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. എന്തെന്നാൽ ന്യായം, വൈശേഷികം തുടങ്ങിയ ദർശനങ്ങളും പദാർത്ഥങ്ങളുടെ എണ്ണങ്ങൾ പറയുന്നുണ്ട്. അതുകൊണ്ട് സാംഖ്യശബ്ദത്തിന്റെ അർത്ഥം ഗണനവാചിയാവാൻ നിവൃത്തിയില്ല.

(തുടരും)